I ഇ.ബി. XIV - കേരള നിയമസഭ /XIII-7

# പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2018 ഡിസംബർ 05, ബുധൻ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(9.00 മുതൽ 10.00 വരെ ചോദ്യോത്തര സമയം)

## I **അടിയന്തരപ്രമേയം**

പ്രളയാനന്തര ദുരിതാശ്വാസ പ്രവർത്തനങ്ങൾ

മി. സ്പീക്കർ: മഹാപ്രളയത്തിനുശേഷം ദുരിതമനുഭവിക്കുന്നവർക്ക് കാര്യമായ സഹായം നൽകാൻ കഴിയാത്തതും ദുരിതാശ്വാസ പ്രവർത്തനങ്ങൾ പൂർണ്ണമായും സ്തംഭിച്ചതുംമൂലം ജനങ്ങൾ നേരിടുന്ന കഷ്ടപ്പാടുകളും ദുരിതങ്ങളും കാരണം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ വി. ഡി. സതീശൻ, വി.

കെ. ഇബ്രാഹിം കുഞ്ഞ്, മോൻസ് ജോസഫ്, അനൂപ് ജേക്കബ് എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): പ്രസ്തുത വിഷയം സഭ പ്രത്യേകമായി മുമ്പ് ചർച്ച ചെയ്തിട്ടുണ്ടെങ്കിലും ഗൗരവതരമായ പ്രശ്നത്തിന്റെ നിലവിലെ സ്ഥിതി അവലോകനം ചെയ്യേണ്ടത് അത്യാവശ്യമായതിനാൽ ചർച്ചയ്ക്കെടുക്കാവുന്നതാണ്.

(അടിയന്തരപ്രമേയം ചർച്ചയ്ക്കെടുക്കാൻ തീരുമാനിച്ചു.)

## II ശ്രദ്ധക്ഷണിക്കൽ

### (1) കശുവണ്ടി തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങൾ

ശ്രീ. ആർ. രാമചന്ദ്രൻ: കേരളത്തിലെ മൂന്ന് ലക്ഷത്തിലധികം വരുന്ന ജനങ്ങളുടെ പ്രധാന ഉപജീവനമാർഗ്ഗമാണ് കശുവണ്ടി വ്യവസായം. സ്വകാര്യ ഉടമസ്ഥതയിൽ എണ്ണൂറോളം ഫാക്ടറികളുള്ളതിൽ നാനൂറെണ്ണം മാത്രമാണ് പ്രവർത്തനക്ഷമമായിട്ടുള്ളത്. കേന്ദ്ര നികുതി നയത്തിന്റെ ഭാഗമായി പരമ്പരാഗത വ്യവസായങ്ങൾക്ക് നികുതിയിളവുകൾ ലഭിക്കാത്തത് തോട്ടണ്ടി ഇറക്കുമതിയെ സാരമായി ബാധിച്ചിട്ടുണ്ട്. കശുവണ്ടിത്തൊഴിലാളികളുടെ ഇ.പി.എഫ്. പെൻഷനും സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സയും കേന്ദ്ര സർക്കാർ നിഷേധിച്ചിരിക്കുകയാണ്. ഈ സാഹചര്യത്തിൽ കശുവണ്ടി വ്യവസായത്തെ സംരക്ഷിക്കുന്നതിനും ഫാക്ടറികൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിനും തൊഴിലാളികളുടെ നഷ്ടപ്പെട്ട ആനുകൂല്യങ്ങൾ

ലഭ്യമാക്കുന്നതിനും അവരുടെ മക്കൾക്ക് എം.ബി.ബി.എസ്. ഉൾപ്പെടെയുള്ള പ്രൊഫഷണൽ കോഴ്സുകളിൽ പ്രവേശനം നൽകുന്നതിനും കേന്ദ്ര-സംസ്ഥാന സർക്കാരുകൾ യോജിച്ച് സമഗ്രമായൊരു പാക്കേജ് നടപ്പിലാക്കാനാവശ്യമായ സത്വര നടപടി സ്വീകരിക്കണം.

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): അടഞ്ഞുകിടന്നിരുന്ന പല കശുവണ്ടി ഫാക്ടറികളും തുറന്നുപ്രവർത്തിപ്പിക്കാൻ സർക്കാരിന് സാധിച്ചിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റ് കശുവണ്ടിയുടെ ഇറക്കുമതി തീരുവ വർദ്ധിപ്പിച്ച നടപടി തൊഴിലാളികളെ ബുദ്ധിമുട്ടിലാക്കിയിട്ടുണ്ട്. ബാങ്കിംഗ് സ്ഥാപനങ്ങളെ പങ്കെടുപ്പിച്ചുകൊണ്ട് മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പ്രതിസന്ധിയിലായ സ്വകാര്യ കശുവണ്ടി ഫാക്ടറികൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിനായി സ്റ്റേറ്റ് ലെവൽ ബാങ്കിംഗ് കമ്മിറ്റി, ബാങ്കിംഗ് സ്ഥാപനങ്ങൾ, സർക്കാർ പ്രതിനിധികൾ എന്നിവരടങ്ങിയ ഒരു കമ്മിറ്റി രൂപീകരിച്ച് തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. കാഷ്യു ബോർഡിന് പണം നൽകി വിദേശ രാജ്യങ്ങളിൽനിന്ന് ന്യായവിലയ്ക്ക് തോട്ടണ്ടി ഇറക്കുമതി ചെയ്ത് സ്വകാര്യ വ്യവസായ സ്ഥാപനങ്ങൾക്കുകൂടി ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കുന്നുണ്ട്. പ്രതിസന്ധി നേരിടുന്ന കശുവണ്ടി വ്യവസായത്തെ രക്ഷിക്കാൻ പ്രത്യേക പാക്കേജ്

നടപ്പിലാക്കണമെന്ന ആവശ്യം റിസർവ് ബാങ്ക് ഓഫ് ഇന്ത്യ അംഗീകരിച്ചിട്ടില്ല. പാട്ട വ്യവസ്ഥയിലെടുത്തിട്ടുള്ള 20 ഫാക്ടറികൾക്ക് നഷ്ടപരിഹാരം നൽകി ഏറ്റെടുക്കുന്നതിനുള്ള നടപടി സർക്കാർ തലത്തിൽ പുരോഗമിക്കുന്നുണ്ട്. ജീവനക്കാരുടെ ശമ്പള പരിഷ്കരണവുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചർച്ച ചെയ്ത് തീരുമാനിക്കുന്നതാണ്. ഇ.എസ്.ഐ., ഇ.പി.എഫ്. എന്നിവയുടെ കാര്യത്തിൽ കേന്ദ്ര ഗവൺമെന്റ് സ്വീകരിച്ചിരിക്കുന്ന തൊഴിലാളി വിരുദ്ധ നയത്തിനെതിരെ എല്ലാ ട്രേഡ് യൂണിയനുകളും പ്രക്ഷോഭം ശക്തമാക്കുന്നതിനായി മുന്നോട്ടുവരണം. കാഷ്യൂ കോർപ്പറേഷൻ ഹൈക്കോടതിയിൽ നൽകിയ കേസ്സിനെത്തുടർന്ന് കശുവണ്ടിത്തൊഴിലാളികളുടെ മക്കൾക്ക് ഇ.എസ്.ഐ. കോളേജിൽ എം.ബി.ബി.എസ്-ന് പ്രവേശനം ലഭിച്ചിട്ടുണ്ട്.

## (2) സംവരണം ഏർപ്പെടുത്തൽ

ശ്രീ. ടി. എ. അഹമ്മദ് കബീർ: സംസ്ഥാനത്ത് നടപ്പാക്കാനുദ്ദേശിക്കുന്ന കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിന്റെ രണ്ടും മൂന്നും സ്ട്രീമുകളിൽ സംവരണം ബാധകമാക്കേണ്ടതില്ലെന്ന എ.ജി.-യുടെ റിപ്പോർട്ട് തള്ളിക്കളയാനും ഈ വിഷയം പുനഃപരിശോധന നടത്തി പുതിയ റൂൾസ് ഫ്രെയിം ചെയ്ത് സംവരണം ഏർപ്പെടുത്താനും നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിനായി രൂപീകരിച്ച വിശേഷാൽ ചട്ടങ്ങൾ പ്രകാരം സ്ട്രീം ഒന്നിൽ നേരിട്ടും രണ്ടും മൂന്നും സ്ട്രീമുകളിൽ തസ്തികമാറ്റം മുഖേനയുമാണ് നിയമനം നടത്തുന്നത്. നേരിട്ടുള്ള നിയമനത്തിന് പൊതുസംവരണതത്വങ്ങൾ ബാധകമാണ്. പി.എസ്.സി. വഴി തസ്തികമാറ്റ നിയമനം നടത്തുന്ന വിവിധ വകുപ്പുകളുടെ മാതൃകയിലാണ് കെ.എ.എസ്.-ലെ തസ്തികമാറ്റ നിയമനവും ചിട്ടപ്പെടുത്തിയിരിക്കുന്നത്. സർക്കാർ ജീവനക്കാരിൽനിന്നുള്ള തസ്തികമാറ്റ നിയമനത്തിൽ മറ്റ് രണ്ട് സ്ട്രീമുകളിൽ സംവരണ വ്യവസ്ഥ ബാധകമാക്കിയിട്ടില്ല. സ്ട്രീം രണ്ടിലും മൂന്നിലും സംവരണതത്വം ബാധകമാക്കണമെന്ന എസ്.സി./എസ്.ടി. കമ്മീഷന്റെയും സംസ്ഥാന ന്യൂനപക്ഷ കമ്മീഷന്റെയും നിർദ്ദേശം പരിശോധിക്കുകയും എ.ജി.-യുടെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അത് ബാധകമാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയുമുണ്ടായി. എസ്.സി./എസ്.ടി. വിഭാഗങ്ങളുടെ പ്രാതിനിധ്യക്കുറവ് സ്പെഷ്യൽ റിക്രൂട്ട്മെന്റ് മുഖേന നികത്തുന്നതുപോലെ കെ.എ.എസ്.-നും ബാധകമാക്കാവുന്നതാണ്. അർഹതപ്പെട്ടവർക്ക് സംവരണ ക്വോട്ടയനുസരിച്ച് ലഭിക്കേണ്ട വിഹിതത്തിൽ കുറവ് വന്നാൽ അത് തിരുത്താൻ പ്രത്യേക നടപടി സ്വീകരിക്കുന്നതാണ്.

## III സബ്മിഷൻ

### (1) മാലിന്യനിക്ഷേപം തടയൽ

<u>ശ്രീ. പി. ടി. തോമസ്</u>: എറണാകുളം ജില്ലയിലെ ജനവാസകേന്ദ്രങ്ങളിലും ജലസ്രോതസ്സുകളിലും കക്കൂസ് മാലിന്യങ്ങളുൾപ്പെടെയുള്ളവ നിക്ഷേപിക്കുന്നത് തടയുന്നതിനും ബ്രഹ്മപുരം പ്ലാന്റിന് അനുമതി ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): ജലസ്രോതസ്സുകളിലും ജനവാസ കേന്ദ്രങ്ങളിലും കക്കൂസ് മാലിന്യമുൾപ്പെടെയുള്ളവ നിക്ഷേപിക്കുന്നത് നിരീക്ഷിക്കുന്നതിനായി റസിഡന്റ്സ് അസോസിയേഷനുകളുടെ സഹകരണത്തോടെ നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ചതിനുപുറമെ ഹൈവേ പട്രോളിംഗ് ഉൾപ്പെടെയുള്ള സംവിധാനങ്ങളും ഉപയോഗിച്ചുവരുന്നു. ശുചിത്വമിഷൻ പ്രവർത്തനങ്ങളുമായി സഹകരിക്കാൻ എല്ലാ പോലീസ് സ്റ്റേഷനുകൾക്കും സംസ്ഥാന പോലീസ് മേധാവി നിർദ്ദേശം നൽകിയിട്ടുണ്ട്.

ജലസ്രോതസ്സുകളിലും മറ്റും മാലിന്യം നിക്ഷേപിച്ചതുമായി ബന്ധപ്പെട്ട് എറണാകുളം ജില്ലയിൽ ഈ വർഷം നിരവധി കേസ്സുകൾ രജിസ്റ്റർ ചെയ്ത് പ്രതികളെ അറസ്റ്റ് ചെയ്യുകയും വാഹനങ്ങൾ കസ്റ്റഡിയിലെടുത്ത് നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ബ്രഹ്മപുരം പദ്ധതിയുമായി ബന്ധപ്പെട്ട തടസ്സങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(2) <u>രാഖേഷിന്റെ ആത്മഹത്യ</u>

<u>ശ്രീ. എം. വിൻസെന്റ്</u>: വർക്കല ജനാർദ്ദന സ്വാമി ക്ഷേത്രത്തിലെ ദേവസ്വം ഉപദേശക സമിതി സെക്രട്ടറിയും ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ വർക്കല മണ്ഡലം പ്രസിഡന്റുമായിരുന്ന രാഖേഷിന്റെ ആത്മഹത്യ സംബന്ധിച്ച് സമഗ്ര അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ നിയമ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): 2018 നവംബർ 20-ാം തീയതി വർക്കല ജനാർദ്ദന സ്വാമി ക്ഷേത്രത്തിലെ ദേവസ്വം ഉപദേശക സമിതി സെക്രട്ടറിയും ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ വർക്കല

മണ്ഡലം പ്രസിഡന്റുമായിരുന്ന രാഘേഷിനെ വീട്ടിൽ തൂങ്ങിമരിച്ച നിലയിലാണ് കാണപ്പെട്ടത്. ആത്മഹത്യ സംബന്ധിച്ച് പിതാവ് നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ വർക്കല പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു.

(3) വെള്ളം ലഭ്യമാക്കൽ

ശ്രീ. അനിൽ അക്കര: വടക്കാഞ്ചേരി മേഖലയിലെ നെൽകൃഷിക്കായി പീച്ചിയിൽ നിന്ന് കനാൽവഴി അടിയന്തരമായി ജലം എത്തിക്കുന്നതിനും നെൽകർഷകർക്ക് പ്രത്യേക ധനസഹായം നൽകുന്നതിനും നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻ കുട്ടി): 2018 ആഗസ്റ്റ് മാസത്തിലുണ്ടായ പ്രളയക്കെടുതിയിൽ പീച്ചി പദ്ധതിയുടെ ഭൂരിഭാഗം കനാലുകളും മണ്ണിടിഞ്ഞും വൃക്ഷങ്ങൾ കടപുഴകി വീണും ബണ്ടുകൾക്ക് കേടുപാടുകൾ ഉണ്ടാകുകയും ജലവിതരണം തടസ്സപ്പെടുകയും ചെയ്തിട്ടുണ്ട്. കനാലുകളിൽ അടിഞ്ഞുകൂടിയ മണ്ണും മറ്റ് തടസ്സങ്ങളും നീക്കം ചെയ്യുന്നതിനും അറ്റകുറ്റപ്പണികൾ നടത്തി ജലവിതരണം

പുന:സ്ഥാപിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികൾക്ക് അഞ്ച് കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും ടെണ്ടർ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. മൂന്ന് കോടി രൂപയുടെ അറ്റകുറ്റപ്പണികൾ നടത്തുകയും തനത് വർഷത്തെ ബഡ്ജറ്റിൽ 6.5 കോടി രൂപയുടെ വിഹിതം അനുവദിക്കുകയും ചെയ്തിട്ടുണ്ട്. കൃഷി വകുപ്പുമന്ത്രിയുമായി ആലോചിച്ച് ധനസഹായം നൽകുന്നതുൾപ്പെടെയുള്ള മറ്റ് നടപടികൾ സ്വീകരിക്കുന്നതാണ്.

(4) വൃദ്ധജനങ്ങളുടെ സംരക്ഷണം

ശ്രീ. സജി ചെറിയാൻ: അനാഥരായ വൃദ്ധജനങ്ങൾക്ക് സംരക്ഷണം നൽകുന്നതിനും കിടപ്പുരോഗികളല്ലാത്ത വൃദ്ധജനങ്ങൾക്ക് വീടുകളിൽ കൃത്യമായ ആരോഗ്യപരിരക്ഷ ഉറപ്പാക്കുന്നതിനും സന്നദ്ധ സംഘടനകൾക്കാവശ്യമായ സാമ്പത്തികസഹായം നൽകുന്നതിനും നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): മാതാപിതാക്കളുടെയും

മുതിർന്ന പൗരന്മാരുടെയും സംരക്ഷണവും സേവനവും ഉറപ്പാക്കുന്നതിനായി 2007-ൽ കേന്ദ്ര സർക്കാർ രൂപം നൽകിയ നിയമത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ ചട്ടങ്ങൾ രൂപീകരിക്കുകയും പ്രസ്തുത നിയമം നടപ്പിലാക്കുന്ന സംസ്ഥാനത്തെ നോഡൽ ഏജൻസിയായ സാമൂഹ്യനീതി വകുപ്പ് ആവിഷ്കരിച്ച പദ്ധതികളുടെ ഭാഗമായി സബ്കളക്ടർ/റവന്യൂ ഡിവിഷണൽ മജിസ്ട്രേറ്റ് അദ്ധ്യക്ഷനായ മെയിന്റനൻസ് ട്രിബ്യൂണലുകൾ രൂപീകരിച്ച് നിയമം ഫലപ്രദമായി നടപ്പിലാക്കി വരികയും ചെയ്യുന്നുണ്ട്. വൃദ്ധജനങ്ങളുടെ പരാതികളിന്മേൽ അടിയന്തര നടപടി കൈക്കൊള്ളുന്നതിനും ആക്ട് നടത്തിപ്പ് കാര്യക്ഷമമാക്കുന്നതിനുമായി ഓരോ ട്രിബ്യൂണലിലും ഓരോ ടെക്നിക്കൽ അസിസ്റ്റന്റുമാരെ നിയമിക്കുകയും അവർക്കാവശ്യമായ പരിശീലനം നൽകി ലഭ്യമായ പരാതികളിന്മേൽ തീർപ്പ് കൽപ്പിക്കുകയും ചെയ്തിട്ടുണ്ട്. മെയിന്റനൻസ് ട്രിബ്യൂണലുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും വൃദ്ധജന ക്ഷേമത്തിനാവശ്യമായ ഇടപെടലുകൾ നടത്തുന്നതിനുമായി പരിശീലന ക്ലാസ്സുകൾ സംഘടിപ്പിക്കുകയും വയോജന കൗൺസിലും ജില്ലാ

കമ്മിറ്റികളും രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. മക്കളാൽ സംരക്ഷണം നിഷേധിക്കപ്പെടുന്ന മാതാപിതാക്കൾക്ക് സംരക്ഷണവും നീതിയും ഉറപ്പാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതോടൊപ്പം ഇവരെ സ്വന്തം കുടുംബത്തോടൊപ്പം താമസിപ്പിക്കുന്നതിനായി ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കുന്നതാണ്. വൃദ്ധമന്ദിരങ്ങൾ ആധുനികവത്കരിക്കുന്നതിനും മികച്ച പശ്ചാത്തല സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനുമായി വനിത ശിശുവികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ 'സായംപ്രഭ' എന്ന പേരിൽ ഓരോ ജില്ലയിലും ഓരോ ഭവനങ്ങൾ ആരംഭിക്കുന്നതിനുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കുകയും തുക വകയിരുത്തുകയും ചെയ്തിട്ടുണ്ട്. പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി 232 കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിൽ ഓരോ സ്റ്റാഫ് നഴ്സിനെയും ഓരോ ഫിസിയോതെറാപ്പിസ്റ്റിനെയും നിയമിച്ചിട്ടുണ്ട്. ഇതിനുപുറമെ ജെ.പി.എച്ച്.എൻ.-മാരുടെ നേതൃത്വത്തിൽ സബ്സെന്ററുകൾ മുഖേന നടത്തുന്ന പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ

ഏകോപിപ്പിക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുന്നതാണ്.

(5) പ്ലാന്റേഷൻ റിലീഫ് ഫണ്ട് കമ്മിറ്റിയുടെ പ്രവർത്തനം

ശ്രീമതി ഇ. എസ്. ബിജിമോൾ: ഇടുക്കി ജില്ലയിൽ പൂട്ടിക്കിടക്കുന്ന തോട്ടങ്ങൾ തുറന്നുപ്രവർത്തിപ്പിക്കുന്നതിനും പ്രവർത്തിച്ചു കൊണ്ടിരിക്കുന്നവ പൂട്ടാതിരിക്കുന്നതിനും തൊഴിലാളികൾക്ക് ശമ്പള പരിഷ്കരണം നടപ്പിലാക്കുന്നതിനും പ്ലാന്റേഷൻ റിലീഫ് ഫണ്ട് കമ്മിറ്റിയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനുമാവശ്യമായ തുക വകയിരുത്തുന്നതിന് നടപടി സ്വീകരിക്കണം.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): സംസ്ഥാനത്ത് പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികൾക്ക് സമാശ്വാസം നൽകുന്നതിനായി രൂപീകരിച്ച പ്ലാന്റേഷൻ റിലീഫ് ഫണ്ട് കമ്മിറ്റികളുടെ പ്രവർത്തനങ്ങൾക്കായി നടപ്പ് സാമ്പത്തികവർഷം 1,10,00,000/- രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളതും ഓണക്കിറ്റിന്റെയും മറ്റ് ചെലവുകളും കുറച്ചുള്ള ബാക്കി തുകയായ

81,96,000/-രൂപ നിലവിലുള്ളതുമാണ്. വിവിധ ആവശ്യങ്ങൾക്കായി പ്ലാന്റേഷൻ റിലീഫ് ഫണ്ട് കമ്മിറ്റിക്ക് സമർപ്പിക്കുന്ന അപേക്ഷയിന്മേൽ ജില്ലാകളക്ടർ ചെയർമാനും ജില്ലാ ലേബർ ഓഫീസർ കൺവീനറുമായുള്ള സമിതി പരിശോധന നടത്തി അർഹത നിശ്ചയിച്ച് ലേബർ കമ്മീഷണർക്ക് സമർപ്പിക്കുന്ന പ്രൊപ്പോസലിന്റെ അടിസ്ഥാനത്തിലാണ് തുക അനുവദിക്കുന്നത്. ഇടുക്കി ജില്ലാ പ്ലാന്റേഷൻ വർക്കേഴ്സ് റിലീഫ് ഫണ്ട് കമ്മിറ്റിക്ക് സമാശ്വാസ പ്രവർത്തനങ്ങൾക്കായി 7,23,000/- രൂപ അനുവദിക്കണമെന്ന ചീഫ് ഇൻസ്പെക്ടർ ഓഫ് പ്ലാന്റേഷൻസിന്റെ പ്രൊപ്പോസൽ പരിഗണിച്ച് ടി തുക ചെലവഴിക്കുന്നതിനായി ലേബർ കമ്മീഷണർക്ക് ഭരണാനുമതിയും വിനിയോഗാനുമതിയും നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(6) <u>പുതിയ ബാർ തുറന്നതുസംബന്ധിച്ച്</u>

<u>ശ്രീ. എ. പി. അനിൽ കുമാർ</u>: വണ്ടൂർ പഞ്ചായത്തിലെ ജനവാസകേന്ദ്രമായ പുളിക്കൽ പ്രദേശത്ത് ആരംഭിച്ച ബാർ മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): നിലവിലെ അബ്കാരി നിയമപ്രകാരം ത്രീ സ്റ്റാർ പദവിയോ അതിൽ കൂടുതലോ ഉള്ള ഹോട്ടലുകൾക്ക് ബാർ ലൈസൻസ് അനുവദിക്കാവുന്നതാണ്. ബാർ ലൈസൻസ് അനുവദിക്കുന്നതിന് വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആരാധനാലയങ്ങൾ, എസ്.സി./എസ്.ടി. കോളനികൾ, ശ്മശാനങ്ങൾ എന്നിവിടങ്ങളിൽനിന്നും 200 മീറ്റർ അകലം പാലിച്ചിരിക്കണമെന്ന നിയമ വ്യവസ്ഥയുണ്ട്. മലപ്പുറം ജില്ലയിലെ നിലമ്പൂർ എക്സൈസ് സർക്കിൾ പരിധിയിലെ പുളിക്കലിൽ പ്രവർത്തിക്കുന്ന ത്രീ സ്റ്റാർ ക്ലാസിഫൈഡ് ഹോട്ടലായ സിറ്റി പാലസ് റെസിഡൻസി എന്ന സ്ഥാപനത്തിന് 07.08.2018-ന് ബാർ ലൈസൻസ് അനുവദിച്ചിട്ടുണ്ട്. പ്രസ്തുത ഹോട്ടലിന്റെ പ്രവേശന കവാടത്തിൽനിന്നും 203 മീറ്റർ അകലത്തിൽ പള്ളിയും 400 മീറ്ററിലധികം ദൂരത്തിൽ എസ്.സി./എസ്.ടി. കോളനിയും 500 മീറ്ററിലധികം ദൂരത്തിൽ ഗവൺമെന്റ് ഹൈസ്കൂളും സ്ഥിതിചെയ്യുന്നു. നിയമപരമായ എല്ലാ മാനദണ്ഡങ്ങളും പാലിച്ച് മതിയായ രേഖകൾ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിലാണ് പ്രസ്തുത ഹോട്ടലിന് ബാർ ലൈസൻസ് നൽകിയിട്ടുള്ളത്. ബഹുമാനപ്പെട്ട അംഗത്തിന്റെ നിവേദനത്തിന്റെ

അടിസ്ഥാനത്തിൽ ബാർ ലൈസൻസ് അനുവദിക്കുന്നതിനുള്ള എല്ലാ നിയമവശങ്ങളും വീണ്ടും പരിശോധിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(7) ഖരമാലിന്യത്തിൽനിന്നും വൈദ്യുതി ഉത്പാദനം

ശ്രീ. ഡി. കെ. മുരളി: പെരിങ്ങമ്മല ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് നമ്പർ 7-ലെ ഒരുപറക്കരിക്കകം കോളനിയിൽ ഖരമാലിന്യത്തിൽനിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിന് നിർമ്മിക്കാനുദ്ദേശിക്കുന്ന പ്ലാന്റിനെ സംബന്ധിച്ച ആശങ്ക അകറ്റുന്നതിന് നടപടി സ്വീകരിക്കണം.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): ഖരമാലിന്യ സംസ്കരണ പ്രശ്നം കേരളത്തെ ബാധിക്കുന്ന ഒരു സാമൂഹ്യപ്രശ്നമായി മാറിയതുകൊണ്ടാണ് കേന്ദ്രീകൃത മാലിന്യസംസ്കരണ സംവിധാനം ആധുനിക സാങ്കേതികവിദ്യയിലൂടെ വേസ്റ്റ് റ്റു എനർജി പ്ലാന്റ് എന്ന രീതിയിൽ ആരംഭിക്കാൻ തീരുമാനിച്ചത്. തികച്ചും പരിസ്ഥിതി സൗഹൃദം, പൊതുജനങ്ങൾക്കും വിദ്യാർത്ഥികൾക്കും മികച്ച പരിസ്ഥിതി സംരക്ഷണം എന്നീ നിലകളിലാണ് പ്ലാന്റുകൾ വിഭാവനം ചെയ്തിരിക്കുന്നത്. മാലിന്യ സംസ്കരണ പ്ലാന്റുകൾ നിർമ്മിച്ച് പ്രവർത്തിപ്പിച്ച

മുൻപരിചയം, സാമ്പത്തികഭദ്രത തുടങ്ങിയ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ പൊതു-സ്വകാര്യ പങ്കാളിത്ത വ്യവസ്ഥയിൽ കെ.എസ്.ഐ.ഡി.സി.-യും ആഗോള ടെണ്ടറിലൂടെ കണ്ടെത്തുന്ന നിർവ്വഹണ ഏജൻസിയും അതാത് തദ്ദേശഭരണ സ്ഥാപനങ്ങളും ചേർന്നുള്ള ത്രികക്ഷി കരാറിന്റെ അടിസ്ഥാനത്തിലായിരിക്കും പ്രസ്തുത പ്ലാന്റുകൾ സ്ഥാപിച്ച് പ്രവർത്തിപ്പിക്കുന്നത്. തിരുവനന്തപുരം ജില്ലയിലെ പെരിങ്ങമ്മല ഗ്രാമപഞ്ചായത്തിൽ കൃഷി വകുപ്പിന്റെ കീഴിലുള്ള അഗ്രികൾച്ചർ ഫാമിലെ 15 ഏക്കർ സ്ഥലം നിർദ്ദിഷ്ട പ്ലാന്റ് സ്ഥാപിക്കുന്നതിന് അനുയോജ്യമാണെന്ന് സർക്കാർ കണ്ടെത്തിയിട്ടുണ്ട്. പ്രസ്തുത പ്ലാന്റ് വഴി ഖരമാലിന്യം സംസ്കരിച്ച് വൈദ്യുതി ഉത്പാദിപ്പിക്കാനും അത് ജില്ലയിലെ കോർപ്പറേഷനും സമീപ മുനിസിപ്പാലിറ്റികൾക്കും പ്രയോജനകരമാകുംവിധം ഉപയോഗിക്കാനും സാധിക്കുന്നതാണ്. പ്രസ്തുത പ്ലാന്റിന്റെ പ്രവർത്തനം കർശനമായി 24 മണിക്കൂറും നിരീക്ഷിച്ച് നിയന്ത്രിക്കുന്നതിന് സംസ്ഥാന സർക്കാർ സംവിധാനം ഏർപ്പെടുത്തുന്നതാണ്. ഈ പ്ലാന്റ് നിമിത്തം അഗസ്ത്യ വനത്തിലെ

മലയോര മേഖലയിൽ പാരിസ്ഥിതിക ജൈവ ആഘാതമുണ്ടാകുമെന്ന ആശങ്കയ്ക്ക് അടിസ്ഥാനമില്ല. പ്ലാന്റ് നിർമ്മാണത്തിന് കരാർ വയ്ക്കുന്ന കമ്പനിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട്, പാരിസ്ഥിതിക പഠന റിപ്പോർട്ട്, ബന്ധപ്പെട്ട ഏജൻസികളുടെ അംഗീകാരം എന്നിവ ലഭിച്ചതിനുശേഷം മാത്രമേ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് അനുമതി നൽകുകയുള്ളൂ. ജനങ്ങളുടെ ആശങ്ക അകറ്റുന്നതിന് ബോധവൽക്കരണം ഉൾപ്പെടെ നടത്തുന്നതിന് നടപടി സ്വീകരിക്കും.

(8) കെട്ടിട നമ്പർ ലഭ്യമാക്കൽ

ശ്രീ. സി. മമ്മൂട്ടി: തിരൂർ അമിനിറ്റി സെന്ററിന് കെട്ടിട നമ്പർ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണം.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): തിരൂർ നഗരസഭാ പരിധിയിൽ തിരൂർ താഴെപ്പാലം ജംഗ്ഷനിൽ തിരൂർ - മലപ്പുറം റോഡിന്റെ തെക്ക്, താനൂർ-കുറ്റിപ്പുറം റോഡിന്റെ തെക്കുവശത്തെ പ്രദേശങ്ങളിലുള്ള കെട്ടിടത്തിന്റെ പുറം അളവുകൾ, സെറ്റ് ബാക്കുകൾ എന്നിവ പരിശോധിച്ചതിൽ നഗരസഭയിൽനിന്നും ലഭ്യമായ പ്ലാനിൽനിന്നും വ്യത്യസ്തത

കാണുന്നതായി ചീഫ് ടൗൺ പ്ലാനർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇപ്പോൾ നിർമ്മാണം നടത്തിയിരിക്കുന്ന കെട്ടിടത്തിന്റെ പ്ലാൻ പ്രകാരം ആയതിന്റെ ഗ്രൗണ്ട് ഫ്ലോർ, സ്ത്രീകളുടെയും പുരുഷന്മാരുടെയും ശുചീകരണ മുറികൾ ഉൾപ്പെടെ കംഫർട്ട് സ്റ്റേഷന്റെ ഇനത്തിൽ ഉൾപ്പെടുന്നതായും ഫസ്റ്റ് ഫ്ലോർ ലോഡ്ജായും കാണുന്നു. റെയിൽവേ, ദേശീയ പാതകൾ, പ്രധാന തുറമുഖങ്ങൾ, വ്യോമഗതാഗതം, പോസ്റ്റ് & ടെലഗ്രാഫ്, വൈദ്യുത ശൃംഖലകൾ എന്നീ സർവ്വീസുകളുടെ പ്രവർത്തനത്തിനോ അറ്റകുറ്റപ്പണികൾക്കോ വേണ്ടി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നടത്തുന്ന നിർമ്മാണ ചട്ടങ്ങളെ 1999-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 9 പ്രകാരം ഒഴിവാക്കിയിട്ടുണ്ട്. പ്രസ്തുത സേവനങ്ങളുടെ കൂട്ടത്തിൽ സമൂഹത്തിന് ഒഴിവാക്കാൻ സാധിക്കാത്ത ഏതെങ്കിലും സർവ്വീസിനെ ഒരു വിജ്ഞാപന പ്രകാരം സർക്കാരിന് ഉൾപ്പെടുത്താവുന്നതും അങ്ങനെ ഉൾപ്പെടുത്തുന്ന പക്ഷം പ്രസ്തുത സർവ്വീസിന് വേണ്ടുന്ന നിർമ്മാണ പ്രവർത്തനങ്ങളെയും കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ നിന്നും ഒഴിവാക്കാവുന്നതുമാണ്. പ്രസ്തുത കെട്ടിടം പൊതുമരാമത്ത് വകുപ്പ് നിർമ്മിച്ചതിനാലും ഒരു അമിനിറ്റീസ് സെന്ററായതിനാലും കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടത്തിലെ ചട്ടം

3(സി) പ്രകാരമുള്ള ഇളവിന് പരിഗണിക്കുന്നതാകും ഉചിതമെന്ന് ചീഫ് ടൗൺ പ്ലാനർ അറിയിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ വികസനത്തിനായി പ്രസ്തുത കെട്ടിടം പൊളിച്ച് മാറ്റേണ്ട ആവശ്യം വരികയാണെങ്കിൽ ആയത് ചെയ്യേണ്ടതാണെന്ന വ്യവസ്ഥയോടുകൂടി അനുമതി നൽകുന്നതിന് നടപടി സ്വീകരിക്കും.

## IV മേശപ്പുറത്തുവച്ച കടലാസ്സുകൾ

ചട്ടം 236(5) അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്തുവച്ചു.

## V റിപ്പോർട്ട് സമർപ്പണം

താഴെപ്പറയുന്ന റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

1. 2018-ലെ കേരള സ്പോർട്സ് (ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI-ന്റെ റിപ്പോർട്ട്.
2. 2018-ലെ കേരള സംസ്ഥാന ചരക്കു സേവന നികുതി (ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII-ന്റെ റിപ്പോർട്ട്.
3. പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ മുപ്പത്തിരണ്ട് മുതൽ നാൽപ്പത്തിയൊന്ന് വരെയുള്ള റിപ്പോർട്ടുകൾ.

4. മുതിർന്ന പൗരന്മാരുടെ ക്ഷേമം സംബന്ധിച്ച സമിതിയുടെ രണ്ടാമത് റിപ്പോർട്ട്.

## VI നിയമനിർമ്മാണകാര്യം

സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും

(i) 2018-ലെ കേരള മുനിസിപ്പാലിറ്റി (മൂന്നാം ഭേദഗതി) ബിൽ

(ii) 2018-ലെ കേരള പഞ്ചായത്ത് രാജ് (മൂന്നാം ഭേദഗതി) ബിൽ

## VII ക്രമപ്രശ്നം

ഭേദഗതികളുടെ ഭരണഘടനാ സാധുത

ശ്രീ. എം. ഉമ്മർ: 2018-ലെ കേരള മുനിസിപ്പാലിറ്റി (മൂന്നാം ഭേദഗതി) ബില്ലിൽ 326-ാം വകുപ്പിന് 4-ാം ഉപവകുപ്പായി കൊണ്ടുവന്നിരിക്കുന്ന ഭേദഗതി ഭരണഘടനാ വിരുദ്ധമാണ്. ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 243 WA2-ലെ 12-ാം ഷെഡ്യൂൾ പ്രകാരം പബ്ലിക് ഹെൽത്ത്, സാനിട്ടേഷൻ, കൺസോൾവൻസി ആന്റ് സോളിഡ് വേസ്റ്റ് മാനേജ്മെന്റ് എന്നിവ മുനിസിപ്പാലിറ്റിക്ക് കൈമാറി എന്ന് വ്യക്തമായി പരാമർശിച്ചിട്ടുണ്ട്. മുനിസിപ്പാലിറ്റികളുടെ സാമ്പത്തിക പരാധീനത നിമിത്തം ഖരമാലിന്യ നിർമ്മാർജ്ജനവും സംസ്കരണവും ഫലപ്രദമായി നടപ്പാക്കാൻ സാധിക്കാത്ത അവസരത്തിൽ നൽകിയ അധികാരം തിരിച്ചെടുക്കുന്നത്

ഭരണഘടനാ വിരുദ്ധമാണ്. ഖരമാലിന്യ സംസ്കരണത്തിന് മുനിസിപ്പാലിറ്റികൾക്ക് ആവശ്യമായ സാങ്കേതിക-സാമ്പത്തിക സഹായം ലഭ്യമാക്കണം. 2006-ൽ സുപ്രീംകോടതി പുറപ്പെടുവിച്ച വ്യക്തതയില്ലാത്ത ഒരു വിധിയുടെ മറവിൽ അധികാരം കവർന്നെടുക്കാനുള്ള ഭരണഘടനാ വിരുദ്ധമായ ഈ ഭേദഗതി പിൻവലിക്കണം.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): ഭരണഘടനയുടെ 243 WA2 അനുച്ഛേദപ്രകാരം വ്യവസ്ഥകൾക്ക് വിധേയമായി സംസ്ഥാന നിയമസഭയ്ക്ക് നിയമം വഴി മുനിസിപ്പാലിറ്റികൾക്ക് സ്വയംഭരണ സ്ഥാപനമെന്ന നിലയിൽ പ്രവർത്തിക്കാൻ പ്രാപ്തമാക്കുന്ന അധികാരങ്ങൾ നൽകാവുന്നതും അങ്ങനെയുള്ള നിയമത്തിൽ സാമ്പത്തിക വികസനത്തിനും സാമൂഹ്യ നീതിക്കുമുള്ള പദ്ധതികൾ തയ്യാറാക്കുന്നതിന് 12-ാം പട്ടികയിൽ വ്യക്തമാക്കിയിരിക്കുന്ന സംഗതികൾ ഉൾപ്പെടെയുള്ള ചുമതലയും നിർവ്വഹണവും പദ്ധതികളുടെ നടപ്പാക്കലും സംബന്ധിച്ച് മുനിസിപ്പാലിറ്റികൾക്ക് അധികാരങ്ങളും ഉത്തരവാദിത്തങ്ങളും വിട്ടുകൊടുക്കാവുന്നതുമാണ്. മേൽപ്പറഞ്ഞ വ്യവസ്ഥകൾപ്രകാരം മുനിസിപ്പാലിറ്റികൾക്ക് സാമ്പത്തിക വികസനത്തിനും സാമൂഹ്യനീതിക്കും പദ്ധതികൾ തയ്യാറാക്കുന്നതിനും 12-ാം പട്ടികയിൽ വ്യക്തമാക്കിയിരിക്കുന്ന ഉത്തരവാദിത്തങ്ങൾ നിറവേറ്റുന്നതിനും അധികാരം നൽകിക്കൊണ്ട് സംസ്ഥാനത്ത് നിയമമുണ്ടാക്കാവുന്നതാണ്. അപ്രകാരം 1994-ലെ കേരള മുനിസിപ്പാലിറ്റി

ആക്ടിന്റെ 326-ാം വകുപ്പ് ചവറും ഖരമാലിന്യങ്ങളും നീക്കം ചെയ്യുന്നതിന് മുനിസിപ്പാലിറ്റിക്ക് ക്രമീകരണങ്ങൾ ഒരുക്കുന്നതിനും 332-ാം വകുപ്പ് ഖരമാലിന്യങ്ങൾ സംസ്കരിക്കുന്നതിനും വ്യവസ്ഥ ചെയ്യുന്നുണ്ട്. 326-ലെ 3-ാം ഉപവകുപ്പ് മുനിസിപ്പാലിറ്റിക്ക് കരാറടിസ്ഥാനത്തിൽ പൊതുസ്ഥലങ്ങളിൽ നിന്നോ സ്വകാര്യ സ്ഥലങ്ങളിൽ നിന്നോ ഖരമാലിന്യങ്ങൾ ശേഖരിക്കുന്നതിനും കയ്യൊഴിയുന്നതിനും ക്രമീകരണങ്ങൾ ഒരുക്കാവുന്നതുമാണെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്. ശാന്തി ജി. പട്ടേൽ v/s സ്റ്റേറ്റ് ഓഫ് മഹാരാഷ്ട്ര എന്ന കേസിൽ സുപ്രീംകോടതി മുനിസിപ്പാലിറ്റിക്ക് ഭരണഘടനയുടെ 12-ാം പട്ടികയിൽ വ്യക്തമാക്കിയിട്ടുള്ള അധികാരങ്ങളും ചുമതലകളും നൽകിക്കൊണ്ട് ഒരു സംസ്ഥാനത്തിന് നിയമനിർമ്മാണം നടത്താനുള്ള ഭരണഘടനയിലെ 243 W അനുച്ഛേദം ഒരു എനേബ്ലിംഗ് പ്രൊവിഷൻ മാത്രമാണെന്നും സംസ്ഥാന ആവശ്യപ്രകാരം ഒരു നിയമനിർമ്മാണം കൊണ്ടുവരുന്നതിന് നിർബന്ധമാക്കുന്നില്ല എന്നും വ്യക്തമാക്കിയ സാഹചര്യത്തിൽ ഭേദഗതി ഭരണഘടനാ വിരുദ്ധമല്ല.

**റൂളിംഗ്**

<u>മി. സ്പീക്കർ</u>: ഇന്ന് സഭ പരിഗണിക്കുന്ന സമാനസ്വഭാവമുള്ള രണ്ടു നിയമങ്ങളിലും വരുത്തുവാനുദ്ദേശിക്കുന്ന ഭേദഗതികളുടെ ഭരണഘടനാ സാധുത സംബന്ധിച്ചാണ് ബഹുമാനപ്പെട്ട അംഗം ക്രമപ്രശ്നം ഉന്നയിച്ചിരിക്കുന്നത്.

ഭരണഘടനയുടെ അനുച്ഛേദം 243 W-യിലും 12-ാം പട്ടികയിലും വ്യവസ്ഥ ചെയ്തിട്ടുള്ളതിൻപ്രകാരം സംസ്ഥാന സർക്കാർ നടത്തിയ നിയമനിർമ്മാണത്തിലൂടെ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയ അധികാരം വീണ്ടും ഒരു ഭേദഗതിയിലൂടെ സർക്കാർ തിരിച്ചെടുക്കുന്നത് ഭരണഘടനാ വിരുദ്ധമാണെന്നാണ് ഉന്നയിച്ചിരിക്കുന്നത്. ഇതുസംബന്ധിച്ച് നിയമ വകുപ്പിന്റെ നിരീക്ഷണം മന്ത്രി വിശദമാക്കുകയും ചെയർ ഇക്കാര്യം പരിശോധിക്കുകയുമുണ്ടായി. സംസ്ഥാനം അഭിമുഖീകരിക്കുന്ന മാലിന്യ സംസ്കരണത്തിന് പ്രായോഗിക പരിഹാരം കാണുന്നതിനുള്ള നിർദ്ദേശമാണ് പ്രസ്തുത ഭേദഗതിയിലൂടെ കൊണ്ടുവന്നിരിക്കുന്നത്. മാലിന്യ സംസ്കരണത്തിനായി പ്രായോഗികമായി വൈഷമ്യം നേരിടുന്ന പ്രാദേശിക ഭരണകൂടങ്ങളെ സഹായിക്കുന്നതിനുള്ള ഒരു വ്യവസ്ഥകൂടി നിയമത്തിൽ ചേർക്കുന്നു എന്നല്ലാതെ ഇതിൽ ഭരണഘടനയിലെ ഏതെങ്കിലും വ്യവസ്ഥയുടേയോ ഉദ്ദേശ്യലക്ഷ്യത്തിന്റേയോ ലംഘനമുള്ളതായി കാണുന്നില്ല. അതിനാൽ ക്രമപ്രശ്നം നിലനിൽക്കുന്നതല്ലെന്ന് ചെയർ റൂൾ ചെയ്യുന്നു.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (<u>ശ്രീ. എ. സി. മൊയ്തീൻ</u>): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2018-ലെ കേരള മുനിസിപ്പാലിറ്റി (മൂന്നാം ഭേദഗതി) ബില്ലും 2018-ലെ കേരള പഞ്ചായത്ത് രാജ് (മൂന്നാം ഭേദഗതി) ബില്ലും പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. കെ. എസ്. ശബരീനാഥൻ: വിയോജിപ്പ് രേഖപ്പെടുത്തുന്നു. പെരിങ്ങമ്മല പ്രദേശത്ത് ഖരമാലിന്യത്തിൽ നിന്ന് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന പദ്ധതി സംബന്ധിച്ച് അതീവ ഗുരുതരമായ പ്രശ്നമാണ് നിലനിൽക്കുന്നത്. നഗരത്തിലെ ഖരമാലിന്യങ്ങൾ ശേഖരിച്ച് ആദിവാസി മേഖലയായ വനത്തിൽ സംസ്കരിക്കുന്നതിനാണ് പ്രസ്തുത പദ്ധതി വിഭാവനം ചെയ്യുന്നത്. പശ്ചിമഘട്ടത്തിലെ പരിസ്ഥിതി ലോലപ്രദേശങ്ങളിൽ ഉൾപ്പെടുന്നതും നിരവധി കുടിവെള്ള പദ്ധതികളുൾപ്പെടുന്ന ചിറ്റാർ നദി ഉത്ഭവിക്കുന്നതും വംശീയ ചികിത്സയ്ക്ക് പേറ്റന്റ് ലഭിച്ച ആദിവാസികൾ താമസിക്കുന്നതും അപൂർവ്വ കണ്ടൽ ചതുപ്പ് ഉൾപ്പെടുന്നതുമായ ഒരു മേഖലയാണിത്. പെരിങ്ങമ്മലയിൽ ഖരമാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിനെതിരെ രാഷ്ട്രീയ ഭേദമെന്യേ സമരം നടത്തുമ്പോൾ ഭരണപക്ഷത്തെ ഒരംഗംപോലും അവിടെപ്പോയില്ലെന്ന് മാത്രമല്ല അവരെ അതിൽനിന്ന് പിന്തിരിപ്പിക്കാനാണ് ശ്രമിക്കുന്നത്. യു.ഡി.എഫ്. ഒരിക്കലും മാലിന്യ സംസ്കരണത്തിന് എതിരല്ല. എന്നാൽ ഇതുപോലെയുള്ള പ്ലാന്റുകൾ ആദിവാസികളുൾപ്പെടെ താമസിക്കുന്ന ജൈവവൈവിധ്യമുള്ള സ്ഥലങ്ങളിൽ

സ്ഥാപിക്കുന്നത് ശരിയല്ല.

ശ്രീ. മഞ്ഞളാംകുഴി അലി: വിയോജിപ്പ് രേഖപ്പെടുത്തുന്നു. മാലിന്യ സംസ്കരണത്തെക്കുറിച്ച് സഭയിൽ പല പ്രാവശ്യം ചർച്ച നടന്നിട്ടുണ്ടെങ്കിലും നിർദ്ദേശങ്ങളൊന്നും ഇതുവരെയും യാഥാർത്ഥ്യമായിട്ടില്ല. ഇത്തരം പദ്ധതികൾ പ്രവൃത്തിപഥത്തിലെത്തിക്കുന്നതിന് ജനങ്ങളുടെ ഭാഗത്തുനിന്ന് പിന്തുണ ലഭിക്കാറില്ല. മൂന്ന് ജില്ലകളിൽനിന്നുള്ള മാലിന്യങ്ങളാണ് പെരിങ്ങമ്മലയിൽ സ്ഥാപിക്കാൻ പോകുന്ന പ്ലാന്റിൽ പ്രോസസ് ചെയ്യാൻ ഉദ്ദേശിക്കുന്നത്. മാലിന്യ സംസ്കരണത്തിലൂടെ വൈദ്യുതി ഉൽപ്പാദിക്കുന്ന പ്ലാന്റുകൾ ലോകത്തൊരിടത്തും നല്ല രീതിയിൽ നടക്കുന്നില്ലെന്ന് മാത്രമല്ല, അത്തരം പ്ലാന്റുകൾക്ക് ചെലവും കൂടുതലാണ്. സംസ്ഥാനത്ത് മോഡേൺ പ്ലാന്റുകൾ സ്ഥാപിക്കുന്നത് പ്രയാസകരമായതിനാൽ മാലിന്യമുപയോഗിച്ചുള്ള ലാന്റ് ഫില്ലിംഗാണ് അനുയോജ്യമായിട്ടുള്ളത്. ഒഴിഞ്ഞുകിടക്കുന്ന ക്വാറികൾ കോൺക്രീറ്റ് ചെയ്ത് വേസ്റ്റ് ഫിൽ ചെയ്യുന്നതിനുള്ള പദ്ധതി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് തയ്യാറാക്കിയിരുന്നുവെങ്കിലും രാഷ്ട്രീയമായ ചില കാരണങ്ങളാൽ അത് ഉപേക്ഷിക്കുകയാണുണ്ടായത്. വേസ്റ്റ് ഫിൽ ചെയ്ത് റെയിൽവേ സ്റ്റേഷനിൽ പ്ലാറ്റ്ഫോമുണ്ടാക്കിയപ്പോഴും നിരവധി പ്രശ്നങ്ങൾ

നേരിടേണ്ടി വന്നു. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ഫണ്ടുപയോഗിച്ച് ആവിഷ്കരിച്ച പദ്ധതികളൊന്നും പൂർത്തീകരിച്ചിട്ടില്ല. വിളപ്പിൽശാലയിൽ ഉണ്ടായിരുന്ന മാലിന്യ സംസ്കരണ പ്ലാന്റും അടച്ചുപൂട്ടേണ്ടിവന്നു. കോടിക്കണക്കിന് രൂപ ചെലവഴിച്ച് സ്ഥാപിച്ച കമ്പോസ്റ്റ് പൈപ്പ് പദ്ധതിയും ഫലപ്രദമായി നടക്കുന്നില്ല. സംസ്ഥാനത്ത് പ്രതിദിനം 9000 ടൺ വേസ്റ്റ് ഉൽപ്പാദിപ്പിക്കുന്നുണ്ടെന്നാണ് കണക്ക്. 80 ശതമാനത്തോളം കിണറുകളിലും ക്വാളിഫോം ബാക്ടീരിയയുടെ സാന്നിദ്ധ്യമുണ്ടെന്ന് കണ്ടെത്തിയതിനാൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കക്കൂസ് മാലിന്യം ഡിസ്പോസ് ചെയ്യാനായി പ്ലാന്റുകൾ സ്ഥാപിച്ചെങ്കിലും അതും പ്രവർത്തനക്ഷമമായിട്ടില്ല. മാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനെതിരെ ശക്തമായ പ്രതിഷേധമാണ് ജനങ്ങളിൽനിന്നുണ്ടാകുന്നത്. വിശദമായ ചർച്ചയിലൂടെയല്ലാതെ ഇതിന് പരിഹാരം കാണാൻ കഴിയില്ല. മാലിന്യശേഖരണത്തിന് ഉയർന്ന യൂസർ ഫീയാണ് ഏജൻസികൾ ഈടാക്കി വരുന്നത്. മാലിന്യങ്ങൾ ശേഖരിച്ച് ലാന്റ് ഫില്ലിംഗ് നടത്തുന്നതിനെക്കുറിച്ച് പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും സംയുക്തമായി കൂടിയാലോചന നടത്തി ജനങ്ങളെ ബോധവത്കരിച്ചാൽ മാത്രമേ ഈ പ്രശ്നത്തിന് ശാശ്വത പരിഹാരം കാണാൻ സാധിക്കുകയുള്ളൂ.

<u>ശ്രീ. അനിൽ അക്കര:</u> വിയോജിപ്പ് രേഖപ്പെടുത്തുന്നു. മാലിന്യ സംസ്കരണവും ശുദ്ധജലവിതരണവും കാര്യക്ഷമമായി നടപ്പാക്കുന്നതിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പരാജയപ്പെട്ടിരിക്കുകയാണ്. പ്രതിപക്ഷത്തിരിക്കുമ്പോൾ മാലിന്യ സംസ്കരണ പദ്ധതികളെ എതിർക്കുകയും അധികാരത്തിൽ വരുമ്പോൾ അനുകൂലിക്കുകയും ചെയ്യുന്ന സമീപനം രാഷ്ട്രീയപാർട്ടികളുടെ വിശ്വാസ്യത നഷ്ടപ്പെടുത്തിയിരിക്കുകയാണ്. വിജയകരമായി പ്രവർത്തിക്കുന്ന മാലിന്യ നിർമ്മാർജ്ജന പദ്ധതികൾക്ക് ശരിയായ തുടർച്ചയുണ്ടാകണം. മെഡിക്കൽ കോളേജുകളിലും സ്വകാര്യ ആശുപത്രികളിലും സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ സ്ഥാപിച്ച് വികേന്ദ്രീകൃത മാലിന്യസംസ്കരണം ഫലപ്രദമായി നടത്താൻ നമുക്ക് സാധിച്ചിട്ടുണ്ട്. കേന്ദ്രീകൃത മാലിന്യസംസ്കരണ പ്ലാന്റുകൾക്കെതിരെയാണ് ജനങ്ങളുടെ പ്രതിഷേധമുണ്ടാകുന്നത്. ഹരിത കേരളം മിഷൻ പ്രവർത്തനങ്ങൾ പരാജയപ്പെട്ടതുകൊണ്ടാണോ കേന്ദ്രീകൃത മാലിന്യ സംസ്കരണത്തിലേയ്ക്ക് പോകുന്നതെന്ന് സർക്കാർ വ്യക്തമാക്കണം. മാലിന്യസംസ്കരണം സ്വകാര്യ ഏജൻസികളെ ഏൽപ്പിക്കുന്നത് പ്രായോഗികമല്ല. ഉറവിട മാലിന്യ സംസ്കരണവും മാലിന്യങ്ങൾ വേർതിരിച്ച് സംസ്കരിക്കുന്നതും സംബന്ധിച്ച് ശരിയായ അവബോധം ജനങ്ങളിലുണ്ടാക്കണം.

<u>ശ്രീ. പി. ഉബൈദുള്ള:</u> വിയോജിപ്പ് രേഖപ്പെടുത്തുന്നു. ജനസാന്ദ്രത കൂടുതലുള്ള സ്ഥലങ്ങളിൽ കേന്ദ്രീകൃത മാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കാനുള്ള നീക്കത്തിൽ നിന്നും സർക്കാർ പിന്മാറണം. പുതിയ സാങ്കേതികവിദ്യകളുപയോഗിച്ച് മാലിന്യസംസ്കരണം ഫലപ്രദമായി നടപ്പാക്കുന്ന കാര്യം ആലോചിക്കണം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അനിവാര്യ ചുമതലയായ മാലിന്യസംസ്കരണം വേണ്ടത്ര പഠനം നടത്താതെ സ്വകാര്യ ഏജൻസികളെ ഏൽപ്പിക്കുന്നത് ശരിയല്ല. പഞ്ചായത്തുകളിൽ ബ്ലോക്കടിസ്ഥാനത്തിലും മുനിസിപ്പാലിറ്റികളിൽ ക്ലസ്റ്ററുകൾ രൂപീകരിച്ചും മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്ന കാര്യം സർക്കാർ പരിശോധിക്കണം. ഗ്രാമസഭകളെയും പഞ്ചായത്ത് ഭരണസമിതികളെയും നോക്കുകുത്തികളാക്കി മാറ്റി പഞ്ചായത്തുകളുടെ അധികാരങ്ങൾ കവർന്നെടുക്കുന്നതിനാണ് സർക്കാർ ശ്രമിക്കുന്നത്. ലൈഫ് പദ്ധതിയിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്ന രീതി ശരിയല്ല. വികേന്ദ്രീകൃതാസൂത്രണം അട്ടിമറിച്ച് കേന്ദ്രീകൃത ആസൂത്രണത്തിലേയ്ക്കാണ് ഗവൺമെന്റ് പോയിക്കൊണ്ടിരിക്കുന്നത്. റേഷൻ കാർഡ് ഉള്ളവർക്കുമാത്രമേ വീട് ലഭിക്കുകയുള്ളൂവെന്ന തീരുമാനം പുന:പരിശോധിക്കണം. ആർദ്രം പദ്ധതിവഴി ഫാമിലി ഹെൽത്ത് സെന്ററുകളിൽ നിയമിക്കപ്പെടുന്ന സ്റ്റാഫുകൾക്ക് പഞ്ചായത്തുകൾ ശമ്പളം നൽകണമെന്ന് പറയുന്നത് ശരിയല്ല. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ

മേൽ അധികഭാരം അടിച്ചേൽപ്പിക്കാനാണ് ഗവൺമെന്റ് ശ്രമിക്കുന്നത്.

ശ്രീ. എം. സ്വരാജിനുവേണ്ടി ശ്രീ. പുരുഷൻ കടലുണ്ടി: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2018-ലെ കേരള മുനിസിപ്പാലിറ്റി (മൂന്നാം ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ദീർഘവിക്ഷണത്തോടുകൂടിയുള്ള പദ്ധതി നിർവ്വഹണവും മാലിന്യ നിർമ്മാർജ്ജന പ്രശ്നം പരിഹരിക്കുന്നതിനെടുക്കുന്ന തീരുമാനങ്ങളും സ്വാഗതാർഹമാണ്. നവ കേരള സൃഷ്ടിക്ക് ഊന്നൽ നൽകാനും ക്രമസമാധാനം പാലിക്കാനും വികസന പ്രവർത്തനങ്ങളിൽ പങ്കാളിയാകാനും കേരളം ഒന്നിച്ച് നിൽക്കണം.

ശ്രീ. വി. ആർ. സുനിൽ കുമാറിനുവേണ്ടി ശ്രീ. ഇ. കെ. വിജയൻ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2018-ലെ കേരള മുനിസിപ്പാലിറ്റി (മൂന്നാം ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് ജനങ്ങൾക്കിടയിൽ ഒരു സാമൂഹ്യ അവബോധം ഉണ്ടാക്കിയെടുക്കാൻ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. പരിസ്ഥിതിക്ക് ദോഷം വരാത്ത രീതിയിലുള്ള വികസന പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള ശാസ്ത്രീയ

കാഴ്ചപ്പാടും ആസൂത്രണവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഉണ്ടാകണം. 'ഹരിത കേരളം' മിഷന്റെ ഭാഗമായി 7 ജില്ലകളിൽ മാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കാനുള്ള തീരുമാനം ശ്ലാഘനീയമാണ്.

ശ്രീ. കാരാട്ട് റസാഖിനുവേണ്ടി ശ്രീമതി യു. പ്രതിഭ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2018-ലെ കേരള പഞ്ചായത്ത് രാജ് (മൂന്നാം ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. മാലിന്യമുക്ത കേരളം സൃഷ്ടിക്കുന്നതിനായി ഈ ഗവൺമെന്റ് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളെ സ്വാഗതം ചെയ്യുന്നു. തുമ്പൂർമൂഴി മോഡലിലുള്ള മാലിന്യ സംസ്കരണ പ്ലാന്റുകൾ കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. ജലസ്രോതസ്സുകൾ മലിനമാക്കുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കാനെടുത്ത തീരുമാനം അഭിനന്ദനാർഹമാണ്. കേന്ദ്രീകൃത മാലിന്യ സംസ്കരണത്തിനുള്ള പദ്ധതികൾ ആവിഷ്കരിക്കണം. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൂടുതൽ അധികാരങ്ങൾ നൽകാനുള്ള നടപടികളാണ് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. ജനകീയ മാതൃകയിലൂടെ വരട്ടാർ, കനോലി കനാൽ തുടങ്ങിയ ജലസ്രോതസ്സുകൾ പുനരുജ്ജീവിപ്പിക്കാൻ കഴിഞ്ഞത്

ഗവൺമെന്റിന്റെ നേട്ടമാണ്. മാലിന്യത്തെ ആദായപ്രദമാക്കുന്നതിനെക്കുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തണം.

## VIII അടിയന്തരപ്രമേയചർച്ച

### പ്രളയാനന്തര ദുരിതാശ്വാസ പ്രവർത്തനങ്ങൾ

ശ്രീ. വി. ഡി. സതീശൻ: മഹാപ്രളയം കാരണം ജനങ്ങൾ നേരിടുന്ന കഷ്ടപ്പാടുകളും ദുരിതങ്ങളുംമൂലം ഉളവായിട്ടുള്ള ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. വി. ഡി. സതീശൻ: പ്രളയമുണ്ടായി 100 ദിവസങ്ങൾ പിന്നിട്ടിട്ടും കേരളത്തിന്റെ പുനർനിർമ്മിതിക്കുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. ദുരന്തത്തിന്റെ ആഘാതത്തെ സംബന്ധിച്ച് പരിശോധന നടത്തുന്നതിന് ഡാമേജ് അസസ്മെന്റും ഡാറ്റാ കളക്ഷനും നടത്തുകയോ ദുരന്തബാധിത മേഖലകളിലെ നാശനഷ്ടങ്ങളുടെ കണക്കെടുക്കുകയോ ചെയ്തിട്ടില്ല. ദുരന്തത്തിനിരയായ മുഴുവനാളുകൾക്കും സർക്കാരിന്റെ നഷ്ടപരിഹാരത്തുകയായ 10,000/- രൂപ ലഭിച്ചിട്ടില്ല. ദുരന്തബാധിതരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താനും നാശനഷ്ടങ്ങളുടെ കണക്കുകൾ ശേഖരിക്കാനും കഴിയാത്തത് ഗവൺമെന്റിന്റെ പരാജയമാണ്.

മത്സ്യബന്ധനോപാധികൾ നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് യാതൊരുവിധ ധനസഹായവും ലഭ്യമാക്കിയിട്ടില്ല. കൃഷിക്കാർക്കുണ്ടായ നഷ്ടം പരിഹരിക്കാൻ സ്പെഷ്യൽ പാക്കേജ് നടപ്പാക്കാനോ ജീവനോപാധികൾ നഷ്ടപ്പെട്ടവർക്ക് പകരം സംവിധാനം ഏർപ്പെടുത്താനോ ഗവൺമെന്റിന് കഴിഞ്ഞിട്ടില്ല. പ്രളയംമൂലം തകർന്ന റോഡുകളും പാലങ്ങളും പുനർനിർമ്മിച്ചിട്ടില്ല. ചെറുകിട വ്യാപാരികൾക്കും വീട്ടുപകരണങ്ങൾ നഷ്ടപ്പെട്ടവർക്കും ലോൺ അനുവദിക്കുന്നതിനോ വെള്ളം കയറി നശിച്ച വാഹനങ്ങൾക്ക് ഇൻഷ്വറൻസ് തുക ലഭ്യമാക്കുന്നതിനോ നടപടി സ്വീകരിച്ചിട്ടില്ല. നവകേരളത്തിനുവേണ്ടിയുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടില്ല. ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റി വഴി ലഭിച്ച ധനസഹായം പൂർണ്ണമായും ചെലവഴിച്ചിട്ടില്ല. ദുരന്തം ആവർത്തിക്കാതിരിക്കാനും ആഘാതം കുറയ്ക്കാനും റിസ്ക് മിറ്റിഗേഷൻ പ്ലാൻ തയ്യാറാക്കണം. പ്രളയബാധിതരെ സഹായിക്കാൻ സർക്കാർ അടിയന്തര നടപടി സ്വീകരിക്കണം.

<u>ശ്രീ. സജി ചെറിയാൻ</u>: പ്രളയബാധിതരുടെ ജീവനും ജീവിതവും സംരക്ഷിച്ചതിന് സർക്കാരിനെയും മുഖ്യമന്ത്രിയെയും അഭിനന്ദിക്കുന്നു. കുട്ടനാട്, ചെങ്ങന്നൂർ മണ്ഡലങ്ങളിൽനിന്നും ഒരുലക്ഷം ആളുകളെ മാറ്റിപ്പാർപ്പിച്ചു. സർക്കാരിന്റെ അവസരോചിതമായ ഇടപെടൽകൊണ്ടാണ് ആയിരക്കണക്കിനാളുകളെ ദുരന്തത്തിൽനിന്നും രക്ഷിക്കാൻ സാധിച്ചത്.

മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ എല്ലാ വകുപ്പുകളെയും ഏകോപിപ്പിച്ചുകൊണ്ട് രക്ഷാപ്രവർത്തനം നടത്താൻ കഴിഞ്ഞിട്ടുണ്ട്. ദുരിതാശ്വാസ ക്യാമ്പുകളിലുള്ളവർക്ക് ഭക്ഷണം, വസ്ത്രം, മരുന്ന് തുടങ്ങിയവ കൃത്യമായി നൽകാനും സമാന്തര ആരോഗ്യ കേന്ദ്രങ്ങൾ ഏർപ്പെടുത്താനും ഗവൺമെന്റിന്റെ നേതൃത്വത്തിൽ കോടിക്കണക്കിന് രൂപയുടെ ശുചീകരണ പ്രവർത്തനങ്ങൾ നടത്താനും കഴിഞ്ഞിട്ടുണ്ട്. മരണമടഞ്ഞവരുടെ ആശ്രിതർക്ക് 4 ലക്ഷം രൂപ വീതം അനുവദിക്കുകയും പ്രളയബാധിതർക്ക് 10,000 രൂപ വീതവും ക്യാമ്പുകളിൽനിന്ന് വീടുകളിലേയ്ക്ക് പോയവർക്ക് 1,000 രൂപയുടെ കിറ്റുകളും പട്ടികജാതി കുടുംബങ്ങൾക്ക് അധികസഹായമായി പ്രത്യേക കിറ്റും 5,000 രൂപയും നൽകുകയും ചെയ്തു. മത്സ്യത്തൊഴിലാളികൾക്ക് നഷ്ടപ്പെട്ട വള്ളങ്ങളും മോട്ടോറുകളും നൽകുകയും പ്രവർത്തനരഹിതമായവ റിപ്പെയർ ചെയ്തു കൊടുക്കുകയും ചെയ്തു. പ്രളയക്കെടുതിയിൽ പൂർണ്ണമായും ഭാഗീകമായും വീട് നഷ്ടപ്പെട്ടവർക്ക് ഭവന നിർമ്മാണത്തിനുള്ള ധനസഹായത്തിന്റെ ആദ്യ ഗഡു നൽകിയിട്ടുണ്ട്. സഹകരണ വകുപ്പ് 2000 വീടുകൾ നിർമ്മിക്കുന്നതിനുള്ള ധനസഹായവും നൽകിയിട്ടുണ്ട്. ഭൂരഹിതർക്ക് ഭൂമി കണ്ടെത്തുന്നതിന് ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തുകയും സ്വകാര്യ വ്യക്തികൾ നൽകിയ ഭൂമിയിൽ

വീട് വയ്ക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. കുടുംബശ്രീയിൽനിന്ന് പലിശരഹിത വായ്പ നൽകുന്നതിനും പ്രളയത്തിൽ രേഖകൾ നഷ്ടപ്പെട്ടവർക്ക് സൗജന്യമായി രേഖകൾ ലഭ്യമാക്കുന്നതിനുമുള്ള സംവിധാനം ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ശുചീകരണ പ്രവർത്തനങ്ങൾക്ക് പഞ്ചായത്ത് വാർഡുകൾക്ക് 25,000 രൂപയും മുനിസിപ്പൽ കോർപ്പറേഷൻ വാർഡുകൾക്ക് 50,000 രൂപയും നൽകിയിട്ടുണ്ട്. ഡിസംബർ വരെ സൗജന്യമായി 5 കിലോ അരി നൽകുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കാലാവസ്ഥാ മുന്നറിയിപ്പ് സംവിധാനങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും കുട്ടികൾക്കും സ്ത്രീകൾക്കും കൗൺസിലിംഗ് നൽകുകയും ചെയ്തിട്ടുണ്ട്. റോഡുകളും തോടുകളും പാലങ്ങളും പുനർനിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. സഹായം ലഭ്യമാക്കുന്ന കാര്യത്തിൽ നിഷേധാത്മകമായ നിലപാടാണ് കേന്ദ്ര ഗവൺമെന്റ് സ്വീകരിക്കുന്നത്. പോലീസ്, ഫയർഫോഴ്സ് എന്നീ വകുപ്പുകൾ ആധുനികവൽക്കരിക്കുകയും ദുരന്തം മുൻകൂട്ടി മനസ്സിലാക്കാനുള്ള സംവിധാനം ഏർപ്പെടുത്തുകയും ചെയ്യണം. പ്രകൃതി സംരക്ഷണത്തിനും പരിസ്ഥിതി സൗഹൃദമായ നിർമ്മാണ പ്രവർത്തനങ്ങൾക്കും പ്രത്യേക പരിഗണന

നൽകണം.

<u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്:</u> പ്രളയത്തിൽ നഷ്ടപ്പെട്ട വീടുകൾ പുനർനിർമ്മിക്കുന്നതിനും വാസയോഗ്യമല്ലാതായവ പുതുക്കിപ്പണിയുന്നതിനും നടപടി സ്വീകരിക്കണം. ചെറുകിട കച്ചവടക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടിയുണ്ടാകണം. ജീവനോപാധി നഷ്ടപ്പെട്ടവർക്ക് അർഹമായ നഷ്ടപരിഹാരം നൽകണം. പ്രളയക്കെടുതിമൂലമുണ്ടായ നാശനഷ്ടങ്ങൾക്ക് ശരിയായ രീതിയിൽ നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടി സ്വീകരിക്കണം.

<u>ശ്രീ. അൻവർ സാദത്ത്:</u> പ്രളയംമൂലം ആലുവയിലെ വ്യാപാരി-വ്യവസായികൾക്കും ജനങ്ങൾക്കും ഉണ്ടായ നഷ്ടം പരിഹരിക്കുന്നതിനും വീടുകളുടെ പുനർനിർമ്മിതിക്കുള്ള തുക ആറ് ലക്ഷം രൂപയെങ്കിലുമായി വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം. ഹാബിറ്റാറ്റ് ഫോർ ഹ്യൂമാനിറ്റീസ് നിർമ്മിക്കാമെന്ന് ഏറ്റിട്ടുള്ള വീടുകളുടെ നിർമ്മാണം സംബന്ധിച്ച ഫയൽ നടപടികളിലെ കാലതാമസം ഒഴിവാക്കണം. ക്ഷീരകർഷകരെ സഹായിക്കാൻ സർക്കാർ തയ്യാറാകണം. പ്രളയത്തിൽ തകർന്ന റോഡുകളുടെയും പാലങ്ങളുടെയും പുനർനിർമ്മിതിക്കായി സ്പെഷ്യൽ പാക്കേജ് അനുവദിക്കണം.

പ്രളയംമൂലമുണ്ടായിട്ടുള്ള നഷ്ടം സമയബന്ധിതമായി കണക്കാക്കുന്നതിനും പ്രളയാനന്തര പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. സി. കെ. നാണു: ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നും ധനസമാഹരണം നടത്തിക്കൊണ്ട് പൊതുജന സഹകരണത്തോടുകൂടി സംസ്ഥാനത്തിന്റെ പുനർസൃഷ്ടി നടത്താനുള്ള സർക്കാരിന്റെ ശ്രമങ്ങളെ അഭിനന്ദിക്കുന്നു. സംസ്ഥാനത്തിന്റെ പ്രതിസന്ധി ഘട്ടത്തിൽ സർക്കാരിനെ സാമ്പത്തികമായി സഹായിക്കുന്നതിൽ നേതൃത്വപരമായ പങ്ക് വഹിക്കാൻ എല്ലാ രാഷ്ട്രീയ പാർട്ടികളും തയ്യാറാകണം. സംസ്ഥാനത്തിന്റെ പുനർസൃഷ്ടിക്ക് എല്ലാപേരും ഒരുമിച്ച് നിൽക്കണം.

ശ്രീ. റോഷി അഗസ്റ്റിൻ: രാഷ്ട്രീയ വ്യത്യാസമില്ലാതെ കേരള ജനത സ്വീകരിച്ച സമീപനങ്ങളാണ് ദുരന്തത്തിന്റെ ആഴം കുറയ്ക്കാൻ സഹായകമായത്. വീടും ജീവിതമാർഗ്ഗങ്ങളും നഷ്ടപ്പെട്ടവർക്ക് സമയബന്ധിതമായി നഷ്ടപരിഹാരം നൽകുന്നതിനും ഇ.എഫ്.എൽ. സംബന്ധിച്ച നിബന്ധനകളിൽ ആവശ്യമായ മാറ്റം വരുത്തിക്കൊണ്ട് പുനരധിവാസം സുഗമമാക്കുന്നതിനും നടപടി സ്വീകരിക്കണം. പ്രളയത്തിൽ കൃഷിയും കന്നുകാലികളും നഷ്ടപ്പെട്ടവർക്കുള്ള നഷ്ടപരിഹാരം പൂർണ്ണമായും നൽകുന്നതിനും ഇടുക്കി ജില്ലയിലെ നാശോന്മുഖമായ റോഡുകൾ

നവീകരിക്കുന്നതിനായി റോഡ് പാക്കേജ് അനുവദിക്കുന്നതിനും നടപടി സ്വീകരിക്കണം. മരണമടഞ്ഞവരുടെ ആശ്രിതർക്കുള്ള ധനസഹായം അടിയന്തരമായി നൽകുന്നതിനും രജിസ്ട്രേഷൻ ഫീസ് ഇളവുചെയ്തുകൊണ്ട് വസ്തുവിന്റെ കൈവശക്കാർക്ക് വീടുവയ്ക്കുന്നതിന് അനുമതി നൽകുന്നതിനും ചെറുകിട വ്യാപാരികൾക്ക് നഷ്ടപരിഹാരം നൽകുന്നതിനും പതിനായിരം രൂപ വീതമുള്ള ആശ്വാസ ധനസഹായം എല്ലാ കുടുംബങ്ങൾക്കും ലഭ്യമാക്കുന്നതിനും നടപടിയുണ്ടാകണം.

ശ്രീ. അനൂപ് ജേക്കബ്: പ്രളയദുരന്തമുണ്ടായതിന്റെ അടിസ്ഥാന കാരണം സംബന്ധിച്ച് അന്വേഷണം നടത്തണം. പതിനായിരം രൂപ വീതമുള്ള ആശ്വാസ ധനസഹായം അർഹതപ്പെട്ട എല്ലാ കുടുംബങ്ങൾക്കും ലഭ്യമാക്കണം. ഇൻഷ്വറൻസ് പരിരക്ഷയില്ലാത്ത ചെറുകിട വ്യാപാരികൾക്കുണ്ടായ നഷ്ടം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണം. നഷ്ടപ്പെട്ട പുഴതീരങ്ങൾ പുനർനിർമ്മിക്കുന്നതിനും കൃഷിയും വളർത്തുമൃഗങ്ങളും നഷ്ടപ്പെട്ടവർക്ക് മതിയായ നഷ്ടപരിഹാരം സമയബന്ധിതമായി നൽകുന്നതിനും പ്രളയത്തിൽ നഷ്ടപ്പെട്ട പഞ്ചായത്ത് റോഡുകളുടെ പുനർനിർമ്മിതിക്കായി വൺ ടൈം മെയിന്റനൻസ് ഗ്രാന്റ് അനുവദിക്കുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. ഒ. രാജഗോപാൽ: സംസ്ഥാനത്തിന്റെ പുനർനിർമ്മാണത്തിനായി കേന്ദ്ര ഗവൺമെന്റിൽനിന്നും വിവിധ സംസ്ഥാനങ്ങളിൽനിന്നും ലഭിച്ച ഫണ്ട് പ്രത്യേക അക്കൗണ്ടിലേയ്ക്ക് മാറ്റുന്നതിനും അവ ചെലവഴിച്ചതിന്റെ കണക്ക് വ്യക്തമാക്കുന്നതിനും സർക്കാർ തയ്യാറാകണം. കേന്ദ്ര സർക്കാരിന്റെ പ്രതിനിധികൾ ദുരിതബാധിത പ്രദേശങ്ങൾ സന്ദർശിച്ചതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ റിപ്പോർട്ട് പ്രകാരമുള്ള 2500 കോടി രൂപയുടെ നഷ്ടപരിഹാരത്തുക നേടിയെടുക്കണം. ദുരന്തത്തിൽപ്പെട്ടവർക്ക് സഹായധനം വിതരണം ചെയ്യുന്നതിൽ സുതാര്യതയും നിഷ്പക്ഷതയും ഉറപ്പുവരുത്തണം.

ശ്രീമതി യു. പ്രതിഭ: നവകേരള സൃഷ്ടിക്കായി വിദേശ രാജ്യങ്ങളുൾപ്പെടെ സർവ്വതലങ്ങളിൽനിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് സഹായധനം സമാഹരിക്കുന്ന അവസരത്തിൽ വസ്തുതാവിരുദ്ധമായ പ്രമേയം അവതരിപ്പിച്ച പ്രതിപക്ഷത്തിന്റെ നിലപാട് നിരാശാജനകമാണ്. പ്രളയദുരന്തത്തിൽപ്പെട്ട മുഴുവൻ കുടുംബങ്ങൾക്കും സമയബന്ധിതമായി പതിനായിരം രൂപ ധനസഹായം നൽകുന്നതിനും തകർന്ന വീടുകൾ പുനർനിർമ്മിക്കുന്നതിനും രക്ഷാപ്രവർത്തനം നടത്തിയ മത്സ്യത്തൊഴിലാളികളുടെ ബോട്ടുകളുടെ കേടുപാടുകൾ സൗജന്യമായി പരിഹരിക്കുന്നതിനും സർക്കാർ സ്വീകരിച്ച നടപടി ശ്ലാഘനീയമാണ്. കാർഷിക മേഖലയുടെ പുനരുജ്ജീവനത്തിനായി കൃഷിനാശം സംഭവിച്ച കർഷകർക്ക്

സൗജന്യമായി വിത്ത് വിതരണം ചെയ്യുന്നതിനും തകർന്നുപോയ ബണ്ടുകൾ പുന:സ്ഥാപിക്കുന്നതിനും കൂടുതൽ പ്രദേശങ്ങളിൽ പുഞ്ചകൃഷി വ്യാപിപ്പിച്ച് ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും നടപടിയെടുത്തിട്ടുണ്ട്. സംസ്ഥാനത്തിന്റെ പുനർനിർമ്മാണത്തിനായി പ്രവാസികളിൽനിന്നും സഹായധനം സ്വരൂപിക്കാൻ അനുവാദം നൽകാത്ത കേന്ദ്ര സർക്കാർ നിലപാട് നിഷേധാത്മകമാണ്.

<u>ശ്രീ. റോജി എം. ജോൺ</u>: സംസ്ഥാനത്തെ പ്രളയദുരന്തത്തിൽനിന്ന് കരകയറ്റുന്നതിന് ഒറ്റക്കെട്ടായി പ്രവർത്തിക്കേണ്ട അവസരത്തിൽ പ്രതിപക്ഷത്തെ അവഗണിക്കുന്ന നിലപാടാണ് സർക്കാർ സ്വീകരിച്ചത്. വീടും ജീവനോപാധികളും നഷ്ടപ്പെട്ടവരെ സഹായിക്കുന്നതിനും ചെറുകിട വ്യാപാരികളുടെ നഷ്ടം നികത്തുന്നതിനും അരിമില്ലുകളിൽ കെട്ടിക്കിടക്കുന്ന കേടുപാട് സംഭവിച്ച ഭക്ഷ്യധാന്യങ്ങൾ നീക്കം ചെയ്യുന്നതിനും സർക്കാർ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. പ്രളയബാധിതരെ സഹായിക്കുന്നതിന് നടപടി സ്വീകരിക്കണം.

<u>ശ്രീ. കെ. എൻ. എ. ഖാദർ</u>: കേരളത്തിൽ നിരന്തരമായി സംഭവിച്ചുകൊണ്ടിരിക്കുന്ന ഉരുൾപൊട്ടലും വെള്ളപ്പൊക്കവും കടലാക്രമണവും തടയുന്നതിന് പ്രത്യേക പദ്ധതികൾ ആവിഷ്കരിക്കാനും കാലഘട്ടത്തിനനുസൃതമായ സാങ്കേതികവിദ്യകൾ ഉപയോഗിച്ചുകൊണ്ട് നിർമ്മാണ പ്രവർത്തനങ്ങൾ നടത്താനും നടപടി സ്വീകരിക്കണം. കേരളത്തിലെ ഡിസാസ്റ്റർ മാനേജ്മെന്റ്

അതീവ ദുർബലമാണ്. ഫയർഫോഴ്സിന് ആവശ്യമായ ഉപകരണങ്ങൾ ലഭ്യമാക്കാനും പ്രകൃതി ദുരന്തങ്ങൾ നേരിടുന്നതിനായി വിവിധ വിഭാഗങ്ങൾക്ക് പരിശീലനം നൽകാനും സർക്കാർ തയ്യാറാകണം. പശ്ചിമഘട്ടം സംരക്ഷിക്കുന്നതിനെക്കുറിച്ച് ആലോചിക്കണം. അനധികൃതമായ മണൽ-ക്വാറി-പാറ ഖനനത്തിന് നിയന്ത്രണങ്ങൾ ഏർപ്പെടുത്തുകയും തണ്ണീർത്തടവും നെൽവയലുകളും സംരക്ഷിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും വേണം. ജാതി-മത രാഷ്ട്രീയത്തിനതീതമായ ഐക്യം നവകേരള നിർമ്മിതിയിലുണ്ടാകണം.

<u>ശ്രീ. പി. സി. ജോർജ്</u>: പൂഞ്ഞാർ മണ്ഡലത്തിൽ പ്രളയത്തിലും ഉരുൾപൊട്ടലിലും മരണപ്പെട്ട ഏഴുപേരുടെയും കുടുംബാംഗങ്ങൾക്ക് നഷ്ടപരിഹാരം കൊടുത്തുതീർക്കണം. മുഖ്യമന്ത്രിയുടെ സന്ദർഭോചിതമായ ഇടപെടൽകൊണ്ടാണ് രക്ഷാപ്രവർത്തനം ഊർജ്ജിതമാക്കാനും മരണസംഖ്യ കുറയ്ക്കാനും സാധിച്ചത്. കേന്ദ്ര സർക്കാരിൽനിന്നും ലഭിക്കേണ്ട വിഹിതം നേടിയെടുക്കാൻ നടപടി സ്വീകരിക്കണം.

<u>ശ്രീ. മുല്ലക്കര രത്നാകരൻ</u>: പ്രളയത്തിലകപ്പെട്ടവരെ രക്ഷിക്കാനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സമയബന്ധിതമായി നൽകുന്നതിൽ മുഖ്യമന്ത്രിയും റവന്യൂ വകുപ്പുമന്ത്രിയും വഹിച്ച പങ്ക് അഭിനന്ദനാർഹമാണ്. കേന്ദ്ര സർക്കാർ വേണ്ടത്ര പരിഗണന നൽകിയില്ലെങ്കിലും ലോകമെമ്പാടുമുള്ള മലയാളികൾ കേരളത്തിന് സഹായഹസ്തവുമായി മുന്നോട്ടുവന്നു. മത്സ്യത്തൊഴിലാളികൾ

പ്രളയത്തിലകപ്പെട്ടവരെ രക്ഷിച്ചതിനുപുറമെ അവർക്ക് പാരിതോഷികമായി ലഭിച്ച തുകയും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് സംഭാവന ചെയ്ത നടപടി സ്തുത്യർഹമാണ്. വിവിധ മേഖലകളിൽനിന്നും ലഭ്യമാകുന്ന സഹായം കൃത്യവും ശാസ്ത്രീയവുമായ രീതിയിൽ പ്രയോജനപ്പെടുത്തണം. ചെറിയ ദുരന്തത്തെയും മഹാദുരന്തത്തെയും ഒരേഗണത്തിൽപ്പെടുത്തരുതെന്നും ദുരന്തവ്യാപ്തിക്കനുസൃതമായ ഫണ്ട് ലഭ്യമാക്കണമെന്നും കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടണം.

<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>: ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ യു.ഡി.എഫ്. അനുകൂല സമീപനമാണ് സ്വീകരിച്ചത്. വയനാട് ജില്ലയിൽ 900-ലധികം വീടുകൾ നശിക്കുകയും 2,200 കോടി രൂപയുടെ നാശനഷ്ടമുണ്ടാകുകയും ചെയ്തിട്ടുണ്ട്. ദുരിതാശ്വാസ ധനമായി സർക്കാർ പ്രഖ്യാപിച്ച 10,000 രൂപ അർഹരായ എല്ലാ കുടുംബങ്ങൾക്കും ലഭ്യമാക്കണം. പ്രളയത്തിൽ തകർന്നുപോയ വയനാട്ടിലെ റോഡുകളും പാലങ്ങളും പുനർനിർമ്മിക്കണം. ഭൂമിയും വീടും ഇല്ലാത്തവരെ സംരക്ഷിക്കുകയും തകർന്നുപോയ കാർഷികമേഖല പുനരുദ്ധരിക്കുകയും വേണം. ദുരിതാശ്വാസ ഫണ്ട് സമാഹരണത്തിൽ ജനാധിപത്യ മുന്നണി വഹിച്ച പങ്ക് സ്തുത്യർഹമാണ്. വയനാട്ടിലെ പ്രതിസന്ധി പരിഹരിക്കാൻ പ്രത്യേക പാക്കേജ് പ്രഖ്യാപിക്കണം.

<u>ഡോ. എം. കെ. മുനീർ</u>: ദുരിതമനുഭവിക്കുന്നവർക്ക് സഹായമെത്തിക്കാൻ ഇപ്പോഴും സർക്കാരിന് കഴിഞ്ഞിട്ടില്ല. നവകേരള സൃഷ്ടിക്ക് പ്രതിപക്ഷം എതിരല്ല. കേരളത്തെ പുനർസൃഷ്ടിക്കുന്നതിനുള്ള ബ്ലൂ പ്രിന്റ് തയ്യാറാക്കുന്നതിനും പമ്പയിൽ അടിഞ്ഞുകൂടിയ മണ്ണ് നീക്കം ചെയ്യുന്നതിനും നടപടി സ്വീകരിക്കണം. ക്രൗഡ് ഫണ്ടിംഗ് സംബന്ധിച്ച കണക്ക് വ്യക്തമാക്കണം. കേന്ദ്രത്തിൽനിന്നും കൂടുതൽ ധനസഹായം ലഭ്യമാക്കണം. പ്രളയത്തെത്തുടർന്ന് ഈടാക്കുന്ന അമിത വൈദ്യുതി ചാർജ് ഒഴിവാക്കണം.

<u>ശ്രീ. രാജു എബ്രഹാം</u>: യു.എൻ.ഒ.യുടെ പോസ്റ്റ് ഡിസാസ്റ്റർ നീഡ് അസസ്മെന്റ് (PDNA) നടത്തിയ ദുരന്ത ആഘാത പഠന പ്രക്രിയയിലൂടെ കേരളത്തിലെ പ്രളയദുരന്ത നാശനഷ്ടം 26,720/- കോടി രൂപയാണെന്ന് വിലയിരുത്തിയിട്ടുണ്ട്. പ്രളയബാധിതരായ കുടുംബങ്ങൾക്ക് 10,000/- രൂപ വീതവും ഒഴുകിപ്പോയ മൃഗങ്ങൾക്കുള്ള നഷ്ടപരിഹാരമായി 49 കോടി രൂപയും നൽകിയ നടപടി പ്രശംസനീയമാണ്. പ്രളയത്തിലകപ്പെട്ട വീടുകളിൽ പത്ത് ദിവസത്തിനുള്ളിൽ വൈദ്യുതിബന്ധം പുന:സ്ഥാപിക്കുന്നതിന് സാധിച്ചു. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ മികച്ച രക്ഷാ പ്രവർത്തനങ്ങൾ നടത്താനും അതാത് ജില്ലകളുടെ ചുമതലയുള്ള മന്ത്രിമാർ മാതൃകാപരമായ ദുരിതാശ്വാസ

പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുകയും ചെയ്തു. കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് കുട്ടനാട്ടിൽ 50 ശതമാനം നെല്ലുല്പാദന വർദ്ധനവ് ഉണ്ടായതും കുടുംബശ്രീ അംഗങ്ങൾക്ക് 308 കോടി രൂപ വിതരണം ചെയ്തതും സർക്കാരിന്റെ നേട്ടങ്ങളാണ്. കാർഷിക രംഗത്ത് ഇൻഷ്വറൻസ് പദ്ധതികൾ വ്യാപിപ്പിക്കുകയും ചെറുകിട വ്യാപാര സ്ഥാപനങ്ങൾക്കുള്ള ധനസഹായം നൽകാൻ നടപടി സ്വീകരിക്കുകയും ചെയ്യണം.

പ്രതിപക്ഷ നേതാവ് (<u>ശ്രീ. രമേശ് ചെന്നിത്തല</u>): പ്രളയാനന്തരം സർക്കാർ നൽകിയ വാഗ്ദാനങ്ങൾ ഏറെയും പാലിക്കപ്പെട്ടിട്ടില്ല. യു.എൻ. സംഘം തയ്യാറാക്കിയ പി.ഡി.എൻ.എ. റിപ്പോർട്ട് പരസ്യമാക്കണം. പ്രളയത്തിൽപ്പെട്ട കുടുംബങ്ങൾക്ക് പതിനായിരം രൂപ ധനസഹായം നൽകുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കാനോ ഷെഡ്യൂൾഡ് /നാഷണലൈസ്ഡ് ബാങ്കുകൾ സ്വീകരിച്ച Sarfaesi നിയമപ്രകാരമുള്ള ജപ്തി നടപടികൾ നിർത്തിവയ്പ്പിക്കാനോ സാധിച്ചിട്ടില്ല. സർക്കാർ മൊറട്ടോറിയം കാർഷിക കടങ്ങൾക്ക് മാത്രമായി നിജപ്പെടുത്തി. ജി.എസ്.ടി.യിൽ നിന്നും പത്ത് ശതമാനം തുക സംസ്ഥാനത്തിന്

പ്രത്യേകമായി നൽകുന്നതാണെന്ന പ്രഖ്യാപനവും സാക്ഷാത്കരിക്കപ്പെട്ടില്ല. കൃത്യമായ തയ്യാറെടുപ്പുകളുടെ അഭാവമാണ് സാലറി ചലഞ്ചിലൂടെയും മന്ത്രിമാരുടെ വിദേശ സന്ദർശനങ്ങളിലൂടെയും ക്രൗഡ് ഫണ്ടിംഗിലൂടെയും നവകേരള നിർമ്മിതിക്കാവശ്യമായ ധനസമാഹരണം നടത്താൻ സാധിക്കാതെ പോയത്. വീഴ്ചകൾ പരിഹരിച്ച് നവകേരള നിർമ്മിതിക്കായി പ്രത്യേക രൂപരേഖ തയ്യാറാക്കണം. പുനരധിവാസ പ്രവർത്തനങ്ങളിൽ പ്രതിപക്ഷാംഗങ്ങൾ ഉന്നയിച്ച ആവശ്യങ്ങളിന്മേൽ അനുകൂല നിലപാട് സ്വീകരിക്കാത്തത് പ്രതിഷേധാർഹമാണ്. പ്രളയബാധയെത്തുടർന്ന് നാശനഷ്ടമുണ്ടായവരെ സഹായിക്കുന്നതിനും വായ്പയെടുത്തവരുടെ കടങ്ങൾ എഴുതിത്തള്ളുന്നതിനും വീട് നഷ്ടപ്പെട്ടവർക്ക് വീട് നിർമ്മിച്ചുനൽകുന്നതിനും നടപടി സ്വീകരിക്കണം. കേന്ദ്ര സർക്കാരിൽ നിന്നുള്ള ആനുകൂല്യങ്ങൾ നേടിയെടുക്കുന്നതിന് ഭരണ-പ്രതിപക്ഷ ഭേദമെന്യേ ഒറ്റക്കെട്ടായി പ്രവർത്തിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): കേന്ദ്ര സർക്കാർ കേരളത്തോട് കാണിക്കുന്ന അവഗണനയ്ക്കെതിരെ പ്രതിപക്ഷാംഗങ്ങൾ സ്വീകരിച്ചിരിക്കുന്ന നിലപാട് സ്വാഗതാർഹമാണ്. പ്രളയാനന്തര ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ ജാതി-മത-രാഷ്ട്രീയ ഭേദമെന്യേ ഒറ്റക്കെട്ടായി പ്രവർത്തിക്കാൻ സാധിച്ചുവെന്നത് ലോകത്തിന് മാതൃകയാണ്. ഐക്യരാഷ്ട്രസഭയുടെ കണക്കനുസരിച്ച് 26,720/-

കോടി രൂപയുടെ നാശനഷ്ടമുണ്ടായിട്ടുണ്ടെന്നും 31,000/- കോടി രൂപ കേരളത്തിന്റെ പുനർ നിർമ്മിതിക്കായി വേണ്ടിവരുമെന്നുള്ള വിലയിരുത്തലാണ് നടത്തിയിട്ടുള്ളത്. നവകേരള നിർമ്മിതിക്കായി ലോകബാങ്കിന്റെയും ഐക്യരാഷ്ട്രസഭയുടെയും സഹായങ്ങൾ ലഭ്യമാക്കാൻ സാധിച്ചു. പ്രളയദുരന്തത്തിലൂടെ 15845 വീടുകൾ പൂർണ്ണമായും 244588 വീടുകൾ ഭാഗികമായും തകരുകയും 10,358/- കോടി രൂപയുടെ ജീവനോപാധികൾ നഷ്ടപ്പെടുകയുമുണ്ടായി. പ്രളയബാധിത പ്രദേശങ്ങളിലെ മുഴുവൻ കുടുംബങ്ങളുടെയും 2019 ജനുവരി വരെയുള്ള വൈദ്യുതിച്ചാർജ്ജിനും വെള്ളക്കരത്തിനും മൊറട്ടോറിയം പ്രഖ്യാപിക്കുകയും എല്ലാ വീടുകളുടെയും കിണറുകളുടെയും ശുചീകരണ പ്രവർത്തനങ്ങൾ ഫലപ്രദമായി നടപ്പിലാക്കുകയും ചെയ്തു. പകർച്ചവ്യാധി വ്യാപനം തടയുന്നതിന് ബന്ധപ്പെട്ട വകുപ്പുകൾ പൊതുജന പങ്കാളിത്തത്തോടെ നടത്തിയ പ്രവർത്തനങ്ങൾ പ്രശംസനീയമാണ്. പ്രളയബാധയെത്തുടർന്ന് മാനസികമായി തകർന്നവർക്ക് സഹായം നൽകുന്നതിന് സാധിച്ചിട്ടുണ്ട്. സ്ഥലവും വീടും നഷ്ടമായവർക്ക് വീടുകളുടെ പുനർനിർമ്മാണത്തിന് ഭവന നിർമ്മാണ സഹായ കേന്ദ്രങ്ങൾ സ്ഥാപിച്ചു. വെള്ളം കെട്ടിക്കിടന്ന പ്രദേശത്തെ എല്ലാ കുടുംബങ്ങൾക്കും 10,000/- രൂപ വീതം നൽകുന്നതിനും ക്യാമ്പിൽനിന്ന് മടങ്ങുന്നവർക്ക് അവശ്യസാധനങ്ങളടങ്ങുന്ന കിറ്റ് വിതരണം ചെയ്യുന്നതിനും സാധിച്ചു. തോട്ടം

തൊഴിലാളികൾക്ക് സൗജന്യ റേഷനും മുൻഗണനേതര കാർഡുകാർക്ക് ഡിസംബർ വരെ സൗജന്യമായി അഞ്ചുകിലോ അരി വീതം നൽകാനും നടപടി സ്വീകരിച്ചു. പ്രളയത്തിൽ രേഖകൾ നഷ്ടപ്പെട്ടവർക്ക് അവ തിരിച്ച് ലഭ്യമാക്കുന്നതിനുള്ള ക്രമീകരണങ്ങൾ ചെയ്തു. പ്രളയബാധിതർക്ക് കുടുംബശ്രീ മുഖേന വായ്പ ലഭ്യമാക്കാനും കടങ്ങൾക്ക് ബാങ്കുകളെക്കൊണ്ട് മൊറട്ടോറിയം പ്രഖ്യാപിക്കാനും സാധിച്ചിട്ടുണ്ട്. നഷ്ടത്തിലായ ചെറുകിട ഇടത്തരം വാണിജ്യ സ്ഥാപനങ്ങൾക്ക് പുനഃപ്രവർത്തന മൂലധനം ഉറപ്പാക്കുന്നതിന് ആശ്വാസ സഹായം നൽകുന്ന കാര്യം പരിഗണനയിലാണ്. കാർഷിക മേഖലയ്ക്ക് 201 കോടി 17 ലക്ഷം രൂപയും കൃഷിനാശം നേരിട്ട കർഷകർക്ക് 60 കോടി 78 ലക്ഷം രൂപയും ദുരിതാശ്വാസ ധനസഹായമായി നൽകിയിട്ടുണ്ട്. ഉരുൾപൊട്ടലിൽ കൃഷിഭൂമി നഷ്ടപ്പെട്ടവർക്ക് വിള ഇൻഷ്വറൻസ് ധനസഹായമായി 5 കോടി 25 ലക്ഷം രൂപയും പ്രളയരക്ഷാ പ്രവർത്തനം നടത്തിയ മത്സ്യബന്ധന യാനങ്ങളുടെ റിപ്പെയറിംഗിന് 325 ലക്ഷം രൂപയും നൽകുകയുണ്ടായി. പ്രളയ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്കും വിവിധ ബാങ്ക് അക്കൗണ്ടുകളിലേയ്ക്കും ട്രഷറി അക്കൗണ്ടിലേയ്ക്കുമായി 23-11-2018- വരെ

2733.70 കോടി രൂപയും ജീവനക്കാരിൽ നിന്നും 28-11-2018 വരെ 488.60 കോടി രൂപയും സംസ്ഥാന ദുരന്ത പ്രതികരണ നിധി വഴി 987.73 കോടി രൂപയും ലഭ്യമായിട്ടുണ്ട്. വീടുകളുടെ നാശനഷ്ടത്തിന് സി.എം.ഡി.ആർ.എഫ്.-ൽ നിന്നും 1357.78 കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്. ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകേണ്ട മേഖലകളിലേയ്ക്കായി മറ്റ് മേഖലകളിൽ നിന്നും 20 ശതമാനം പദ്ധതി വിഹിതം മാറ്റിവയ്ക്കാനും പണസമാഹരണത്തിനായി നവകേരള ലോട്ടറി നടത്താനും ബിവറേജസിൽ 10% അഡീഷണൽ സെസ് ഏർപ്പെടുത്താനും ക്രൗഡ് ഫണ്ടിംഗിലൂടെയുള്ള വിഭവ സമാഹരണത്തിനും നടപടി സ്വീകരിച്ചു. കേന്ദ്രത്തോട് 5,616 കോടി രൂപയുടെ സഹായം അഭ്യർത്ഥിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ കടമെടുക്കാനുള്ള പരിധി 4.5 ശതമാനമായി ഉയർത്താനുള്ള നിർദ്ദേശത്തിലും കേന്ദ്രാവിഷ്കൃത പദ്ധതികളിൽ 10 ശതമാനത്തിന്റെ വർദ്ധനവുണ്ടാകണമെന്ന ആവശ്യത്തിലും കേന്ദ്രത്തിൽനിന്നും ഇതുവരെ തീരുമാനമുണ്ടായിട്ടില്ല. യു.എ.ഇ. അടക്കമുള്ള പല രാഷ്ട്രങ്ങളുടെയും സാമ്പത്തിക സഹായം വാങ്ങാനുള്ള അനുമതി നിഷേധിക്കുന്ന നിലപാടാണ് കേന്ദ്രസർക്കാർ സ്വീകരിച്ചത്. പ്രളയത്തിൽ വീട് നഷ്ടപ്പെട്ടവർക്ക് സർക്കാർ അംഗീകരിച്ച പ്ലാൻ

പ്രകാരം വീടുകൾ പുനർനിർമ്മിക്കുന്നതിന് പല സംഘടനകളും മുന്നോട്ടുവന്നിട്ടുണ്ട്. ഏകദേശം 15000 വീടുകളാണ് നഷ്ടപ്പെട്ടതായി കണക്കാക്കുന്നത്. 4 ലക്ഷം രൂപ ലഭ്യമാക്കിയാൽ സ്വന്തമായി വീട് വയ്ക്കാൻ തയ്യാറായി 10000-ത്തോളം ആളുകളും ലാഭവിഹിതത്തിൽ നിന്ന് 2000 വീടുകൾ നിർമ്മിച്ച് നൽകാൻ സന്നദ്ധത അറിയിച്ച് സഹകരണ പ്രസ്ഥാനങ്ങളും മുന്നോട്ടുവന്നിട്ടുണ്ട്. ബാക്കിയുള്ള 3000 വീടുകളുടെ നിർമ്മാണത്തിന് സ്പോൺസർമാരെ കണ്ടെത്താൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. പരിസ്ഥിതി ലോല പ്രദേശങ്ങളിലെ വീടുകൾ പുനർനിർമ്മിക്കുന്നതിനുള്ള സാദ്ധ്യതകളെക്കുറിച്ച് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്. കന്നുകാലികൾ നഷ്ടപ്പെട്ട കർഷകർക്ക് മതിയായ നഷ്ടപരിഹാരം നൽകുന്നതിനും പൊതുസ്ഥാപനങ്ങളുടെ പുനർനിർമ്മാണം നടത്തുന്നതിനും മത്സ്യബന്ധനോപകരണങ്ങൾ നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികളെ സഹായിക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. പ്രളയാനന്തര പുനർനിർമ്മാണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ കേരളം ലോകത്തിനുതന്നെ മാതൃകയാകുന്ന രീതിയിലാണ് മുന്നോട്ടുപോകുന്നത്. കേരളത്തിന്റെ പുനർനിർമ്മാണത്തിനാവശ്യമായ സഹായങ്ങൾ എല്ലാ ഭാഗത്തുനിന്നും ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു. ഓരോ മേഖലയിലും നാശനഷ്ടം സംഭവിച്ചവർക്ക് നഷ്ടപരിഹാരം നൽകാനാണ് ഗവൺമെന്റ്

തീരുമാനിച്ചിട്ടുള്ളത്. കന്നുകാലികളടക്കം ജീവനോപാധി നഷ്ടപ്പെട്ടവർക്കായി അനുവദിച്ച 29 കോടി രൂപ രണ്ടാഴ്ചയ്ക്കുള്ളിൽ നൽകുന്നതാണ്.

(പ്രളയവുമായി ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് വ്യക്തമായ മറുപടി നൽകിയില്ലെന്നാരോപിച്ച് പ്രതിപക്ഷം ഒന്നടങ്കം സഭ ബഹിഷ്കരിച്ചു.)

പ്രമേയം സഭ നിരാകരിച്ചു.

**നിയമനിർമ്മാണകാര്യം (തുടർച്ച)**

(2 ബി ഭേദഗതി അവതരിപ്പിക്കപ്പെട്ടില്ല.)

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): ചർച്ചയിൽ പങ്കെടുത്ത അംഗങ്ങളെല്ലാം ബില്ലിന്റെ ഉള്ളടക്കത്തോട് യോജിച്ചുകൊണ്ടാണ് സംസാരിച്ചത്. ഖരമാലിന്യ സംസ്കരണത്തിൽ കേരളം നേരിടുന്ന ഗൗരവമായ പ്രശ്നത്തിന് പരിഹാരം കാണാനാണ് ഇത്തരമൊരു നിയമഭേദഗതി ആവശ്യമായി വന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധികാരം കവർന്നെടുക്കാതെ നിലവിലുള്ള വികേന്ദ്രീകൃത മാലിന്യ സംസ്കരണ സംവിധാനത്തെ നിലനിർത്തിക്കൊണ്ടാണ് ബില്ലിൽ ഭേദഗതി വരുത്താൻ ഉദ്ദേശിക്കുന്നത്.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2018-ലെ കേരള മുനിസിപ്പാലിറ്റി (മൂന്നാം ഭേദഗതി) ബില്ലും 2018-ലെ കേരള പഞ്ചായത്ത് രാജ് (മൂന്നാം ഭേദഗതി) ബില്ലും പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബില്ലുകൾ പരിഗണനയ്ക്കെടുത്തു.

(i) <u>2018-ലെ കേരള മുനിസിപ്പാലിറ്റി (മൂന്നാം ഭേദഗതി) ബിൽ</u>

<u>2-ാം വകുപ്പ്</u>

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

194. ഖണ്ഡം 2 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 326(4)-ൽ, " മുനിസിപ്പാലിറ്റികളിൽനിന്നും" എന്ന വാക്കുകൾക്ക് പകരം " തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും" എന്ന വാക്കുകൾ ചേർക്കുക.

(മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

3-ാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

1-ാം വകുപ്പും പീഠികയും പേരും

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): 2018-ലെ കേരള മുനിസിപ്പാലിറ്റി (മൂന്നാം ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): പ്രമേയത്തെ പിന്താങ്ങുന്നു.

2018-ലെ കേരള മുനിസിപ്പാലിറ്റി (മൂന്നാം ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

(ii) <u>2018-ലെ കേരള പഞ്ചായത്ത് രാജ് (മൂന്നാം ഭേദഗതി) ബിൽ</u>

<u>2-ാം വകുപ്പ്</u>

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

187. ഖണ്ഡം 2 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 എ(4)-ൽ, " പഞ്ചായത്തുകളിൽ നിന്നും" എന്ന വാക്കുകൾക്ക് പകരം " തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും" എന്ന വാക്കുകൾ ചേർക്കുക.

(മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>3-ാം വകുപ്പ്</u>

(ഭേദഗതിയില്ല.)

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 1-ാം വകുപ്പും പീഠികയും പേരും

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): 2018-ലെ കേരള പഞ്ചായത്ത് രാജ് (മൂന്നാം ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): പ്രമേയത്തെ പിന്താങ്ങുന്നു.

2018-ലെ കേരള പഞ്ചായത്ത് രാജ് (മൂന്നാം ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

(iii) 2018-ലെ കേരള കടകളും വാണിജ്യസ്ഥാപനങ്ങളും (ഭേദഗതി) ബിൽ

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2018-ലെ കേരള കടകളും വാണിജ്യസ്ഥാപനങ്ങളും (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): പ്രമേയത്തെ പിന്താങ്ങുന്നു.

(വിയോജനക്കുറിപ്പ് അവതരിപ്പിക്കപ്പെട്ടില്ല.)

ശ്രീ. ജെയിംസ് മാത്യു: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2018-ലെ കേരള കടകളും വാണിജ്യസ്ഥാപനങ്ങളും (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. തൊഴിൽ മേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന സ്ത്രീകൾക്കും പുരുഷന്മാർക്കും ഒരുപോലെ ബാധകമാകുന്ന സുപ്രധാനമായൊരു നിയമമാണിത്. മണിക്കൂറുകളോളം ഇരിക്കാൻ സാധിക്കാതെ തൊഴിലെടുക്കുന്ന പാവപ്പെട്ട തൊഴിലാളികൾ അനുഭവിച്ചുകൊണ്ടിരുന്ന ദുരവസ്ഥയ്ക്ക് പരിഹാരം കാണുന്നതിനായി ഗൗരവതരമായ ഭേദഗതി കൊണ്ടുവരാൻ തയ്യാറായ

ഗവൺമെന്റിനെ അഭിനന്ദിക്കുന്നു. പാസ്സാക്കുന്ന നിയമങ്ങൾ ഫലപ്രദമായി നടപ്പാക്കാനുള്ള നടപടി സർക്കാർ സ്വീകരിക്കണം.

ശ്രീ. ആർ. രാമചന്ദ്രൻ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2018-ലെ കേരള കടകളും വാണിജ്യസ്ഥാപനങ്ങളും (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. നിയമനിർമ്മാണ ചരിത്രത്തിലെ ശ്രദ്ധേയമായൊരു ബില്ലാണിത്. സംസ്ഥാനത്തെ വ്യാപാര സ്ഥാപനങ്ങളിലും വ്യവസായ ശാലകളിലും പണിയെടുക്കുന്ന സ്ത്രീ തൊഴിലാളികൾ അനുഭവിക്കുന്ന ദുരവസ്ഥയ്ക്ക് പരിഹാരം കാണാനും അവശ്യംവേണ്ട നിയമസംവിധാനങ്ങൾ ഉറപ്പുവരുത്താനും സഹായകരമായ നിയമ ഭേദഗതിയാണിത്.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2018-ലെ കേരള കടകളും വാണിജ്യസ്ഥാപനങ്ങളും (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

2-ാം വകുപ്പ്

122, 125 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>3-ാം വകുപ്പ്</u>

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>4-ാം വകുപ്പ്</u>

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു.

187. In the proviso proposed to be added to section 20 of the principal Act by Clause 4 (ii), the words " women employee" shall be substituted with the words " women employees" .

മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 4-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>5-ാം വകുപ്പ്</u>

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു.

211. In section 21 B proposed to be inserted in the principal Act by Clause 5, for the word " workers" the word " employees" shall be substituted.

മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 5-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 5-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>6-ാം വകുപ്പ്</u>

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതികൾ അവതരിപ്പിച്ചു.

283. In the proviso proposed to be inserted to section 29 (1A) in the principal Act by Clause 6 (2), for the word " worker" the word " employee" shall be substituted.

284. In the proviso proposed to be inserted to section 29 (2) of the

principal Act by Clause 6 (3), for the word “ worker” the word “ employee” shall be substituted.

മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികൾ സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 6-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 6-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>7-ാം വകുപ്പ്</u>

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു.

280. In the second proviso proposed to be added to section 30 of the principal Act by Clause 7, after the words “ a hardcopy of such ” insert the words “ registers and” .

മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 7-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 7-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

8-ാം വകുപ്പ്

(ഭേദഗതിയില്ല)

8-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

8-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

1-ാം വകുപ്പും പീഠികയും പേരും

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): 2018-ലെ കേരള കടകളും വാണിജ്യസ്ഥാപനങ്ങളും (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): പ്രമേയത്തെ പിന്താങ്ങുന്നു.

2018-ലെ കേരള കടകളും വാണിജ്യസ്ഥാപനങ്ങളും (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

സഭ വൈകുന്നേരം 4.56-ന് പിരിഞ്ഞു.

*******